# വിഷയവിവരം.


മതം—ഒരു സംസ്കാരകിരണം

— ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിലെ അനുരാഗവൎണ്ണനം

— പ്രൊഫസർ, എച്ച്. എച്ച്. കേരളവൎമ്മ അമ്മാമൻ തമ്പുരാൻ.

മറന്നുപോയി

— വി. വി. കെ.

പ്രേമത്തിന്നു കണ്ണില്ല

— കെ. ഗൌരിക്കുട്ടിയമ്മ.

യൗവനത്തിന്റെ മാധുര്യം

— ടി. പി. പരമേശ്വരയ്യർ.

കന്യാമറിയം

— കെ. സി.

ഗ്രന്ഥവിഹാരം

കുടുംബിനി—

— ജെ. മുണ്ടശ്ശേരി.

പ്രതിധ്വനി

ലോകത്തിന്നു് ഇൻഡ്യയുടെ സന്ദേശം— തൂവലിൽ
ക്കൂടെയുള്ള സ്വരാജ്യം— പരിഭാഷ— ഒരു കല—
കലയുടെ ആധ്യാത്മികത.

# കൈരളി

പുസ്തകം ൨൧ · ൧൧൧൫ കർക്കിടകം · ലക്കം ൪ ·

## മതം—ഒരു സംസ്കാരകിരണം.

—ജി. ശങ്കരക്കുറുപ്പ്.

വിശ്വഹൃദയത്തിന്റെ, പൂർണ്ണമായി ആവിഷ്ക്കരിച്ചു കഴിഞ്ഞിട്ടില്ലാത്ത, വെളിച്ചമാണ് സംസ്കാരം. അതു് ആന്തരവും ബാഹ്യവുമായ ജീവിതത്തിൽക്കൂടി വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു: വികാരം, വിചാരം, സംഭാഷണം, പ്രവൃത്തി എന്നിവയിൽക്കൂടി വിടർന്നുകൊണ്ടിരിക്കുന്നു. ദേശകാലാദ്യുപാധികളാൽ അതിന്റെ ശക്തിക്കും നിറത്തിനും ഭേദം കാണുന്നുണ്ടെങ്കിലും, പരിപൂർണ്ണമായ നിലയിൽ, സംസ്കാരപ്രകാശം ഏകവും സർവ്വവ്യാപിയും ആയിരിക്കുന്നതാണ്.

* * * * *

സംസ്കാരപ്രകാശത്തെ അപഗ്രഥിച്ചു നോക്കുക: നൈകവർണ്ണങ്ങളായ നൈകകിരണങ്ങളുടെ സമ്മേളനത്തിൽനിന്ന്—അന്യോന്യവിലയനത്തിൽനിന്ന്—ആണ് അതുണ്ടായിട്ടുള്ളതെന്നു വ്യക്തമാവും. മതം, കല, ശാസ്ത്രം മുതലായവ ആ കിരണങ്ങളിൽ അഗ്രഗണ്യങ്ങളാകുന്നു. കേവലവും പൂർണ്ണവും ആയ രൂപത്തിൽ ഇവയെ സാക്ഷാൽക്കരിക്കുവാൻ ഇനിയും നമുക്കു സാധിച്ചിട്ടില്ല. ഉപാധിഭേദങ്ങൾ കലർന്നു മിശ്രമായ രൂപത്തിലാണ് ആ വിശ്വാത്മരശ്മികൾ പ്രത്യക്ഷമാകുന്നതു്. അപൂർണ്ണതയ്ക്കു കാരണം മറ്റൊന്നല്ല.

* * * *

വിശ്വഹൃദയത്തിൽ ഉദിച്ചുയരുന്ന സംസ്കാരപ്രകാശത്തിന്റെ മൗലികകിരണങ്ങളിൽ ഒന്നായ മതം ജീവിതത്തിന്റെ ആരോഗ്യപൂൎവ്വമായ വികാസത്തിനു് ഏററവും ഉപകരിച്ചിട്ടുണ്ടെന്നും ഉപകരിക്കുന്നുണ്ടെന്നും മഹാത്മാക്കളുടെ സൎവംസഹവും ത്യാഗോജ്ജ്വലവും ധീരവുമായ ചരിത്രം വിശദമാക്കുന്നതാണു്. അജ്ഞന്മാരും അവിദഗ്ദ്ധന്മാരുമായ വിചാരരഹിതന്മാർ ആ രശ്മികൊണ്ടു ചികിത്സ നടത്തി ജീവിതത്തിൽ വൈരൂപ്യവും ആന്ധ്യവും വരുത്തിയിട്ടുണ്ടെങ്കിൽ അതു മതത്തിന്റെ ദോഷമായി പരിഗണിക്കുന്നതു സാഹസമായിരിക്കും. കലാവൈദഗ്ദ്ധ്യവും ശാസ്ത്രവിജ്ഞാനവും ദുൎവ്വിനിയോഗം ചെയ്തു് ലോകത്തിന്റെ ധാൎമ്മികമായ പുരോഗതിയെ തടഞ്ഞിട്ടുള്ളതിനും തടഞ്ഞുകൊണ്ടിരിക്കുന്നതിനും ഉള്ള തെളിവുകളും ഏതുകാലമാണു്, ഏതു ദേശമാണു്, സൂക്ഷിച്ചിട്ടില്ലാത്തതു്. മതപ്രകാശത്തെ ദുഷിച്ച അന്തരീക്ഷത്തിൽനിന്നു മോചിപ്പിക്കണം—പൌരോഹിത്യത്തിന്റെ കാരാഗൃഹത്തിൽനിന്നു് തുറന്നുവിടണം.

* * * *

ഒരു ശാസ്ത്രവും ഒരു കലയും പൂൎണ്ണമായിട്ടില്ല.. മതത്തിന്റെ നിലയും അങ്ങനെതന്നെ. ഇവയെ ശുദ്ധവും അന്യനിരപേക്ഷവുമായ നിലയിൽ ഗ്രഹിക്കുവാനാണു ലോകം ആഗ്രഹിക്കേണ്ടതു്. ദിക്കാലങ്ങളുടെ പരിധിയെ പരിഗണിക്കാതെ കലാസൗന്ദൎയ്യത്തെയും ശാസ്ത്രതത്വത്തെയും സ്വീകരിക്കുവാൻ സന്നദ്ധമായിരിക്കുന്ന ആധുനികലോകം മതവിഷയത്തിൽമാത്രം ആ നില അംഗീകരിക്കാതിരിക്കുന്നതു് എന്തുകൊണ്ടെന്നറിയുന്നില്ല. സ്വൎണ്ണം ഏതു ഖനിയിൽ പിറന്നാലെന്താണു്? ഏതു രാജ്യത്തും അതിനു വിലയുണ്ടു്. ഖനിയുടെ അംശമായി 'ശ്യാമിക'യെ യാഥാൎത്ഥ്യത്തിന്റെ അഗ്നിയിൽവച്ചു പരിശോധിച്ചു് ശുദ്ധസ്വൎണ്ണം കണ്ടുപിടിക്കുവാനാണു് അഭ്യുദയേച്ഛുക്കൾ ഉദ്യമിക്കേണ്ടതു്.

* * * *

P. E. N. (India Centre) എന്ന 'കലാകാരസമിതി'യുടെ കാൎയ്യദൎശിനിയായ ബഹുമാന്യ, മാഡം സോഫിയാ വാഡിയ (Madame Sophia Wadia) തത്വശാസ്ത്രവിശാരദനായ സർ, രാധാകൃഷ്ണന്റെ അഗ്രാസനാധിപത്യത്തിൽ കഴിഞ്ഞ മേയ്മാസത്തിൽ ബോംബെയിൽ വച്ചു നടന്ന 'സൎവ്വമതസമ്മേളനത്തിൽ' (Parliament of Religions) 'ബ്രഹ്മവിദ്യ'യെ

(Thesophy) അധികരിച്ചു ചെയ്ത ശ്രദ്ധേയമായ 'പ്രഭാഷണ'ത്തിലെ ചില ഭാഗങ്ങൾ ഈ സന്ദർഭത്തിൽ ഉദ്ധരിക്കുന്നതു് അസംഗതമാവുകയില്ലല്ലോ. മതങ്ങളുടെ നാനാത്വത്തിലും ആ മാന്യ ഏകത്വം ദർശിക്കുന്നു:

"ബ്രഹ്മവിദ്യ" ഒരു മതമല്ല, എല്ലാ മതങ്ങളുടേയും ജീവനാണു്; അനാദിയും ശാശ്വതവും സ്ഥിരവും ആയ സത്യത്തിൻെറ ഉറവാകുന്നു. ആദിമമായ മഹനീയ ബോധിവൃക്ഷത്തിൻെറ മൂലമാകുന്നു 'ബ്രഹ്മവിദ്യ.' ആത്മസാമ്രാജ്യത്തിൽനിന്നു് അതു് വിവിധങ്ങളായ മതശാഖകളേയും 'ധർമ്മ' പ്രരോഹങ്ങളേയും ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണു്. ഈ ശാഖകളെല്ലാം അബദ്ധങ്ങളുടെ ഭാരംകൊണ്ടു ചാഞ്ഞുകിടക്കുന്നു; കാലത്തിൻെറ കൈ ഒന്നിനെയെങ്കിലും വളയ്ക്കാതിരുന്നിട്ടില്ല. എല്ലാത്തിനും അശുദ്ധി പററിയിരിക്കുന്നു. അന്ധവിശ്വാസവും അപഭ്രംശവും ഒന്നിനെയെങ്കിലും ബാധിക്കാതിരുന്നിട്ടില്ല. ഈ അഭിപ്രായം സ്ഥാപിക്കുവാൻ ലക്ഷ്യമാവശ്യമുണ്ടെങ്കിൽ ക്രിസ്തുദേവൻെറ മതത്തിനും ക്രൈസ്തവപുരോഹിതമതത്തിനും തമ്മിലുള്ള അന്തരത്തെ ആസ്പദമാക്കിയുണ്ടായ പ്രസംഗം നാം കേട്ടുവല്ലോ. എങ്കിലും എല്ലാമതത്തിൻേറയും പ്രഭവം ദിവ്യവും സ്വാഭാവികവും പാരമാർത്ഥികവും ആകുന്നു."

അനൈക്യത്തിനും വർഗ്ഗീയബോധത്തിനും അസമാധാനത്തിനും വളം വച്ചുകൊണ്ടിരിക്കുന്ന മതാഭാസങ്ങളിൽനിന്നു മതത്തിൻെറ ശുദ്ധരൂപം കണ്ടുപിടിക്കുവാൻ അചഞ്ചലയും ഭയരഹിതയും ആയ സത്യജിജ്ഞാസതന്നെ സന്നദ്ധയാകണം. പ്രാസംഗിക'യുടെ കുശലയായ നിരൂപണബുദ്ധി യഥാർത്ഥമതത്തിൻെറ സ്വഭാവം ചിത്രണം ചെയ്തിട്ടുണ്ടു്.

"യാതൊന്നു് ആധാരമായിരിക്കുന്നു, യാതൊന്നു് ഐക്യപ്രതിഷ്ഠാപകമായിരിക്കുന്നു, അതാണു ധർമ്മം. അതു തന്നെയാണു മതവും. അസാധാരണമായ സ്വഗുണത്താൽ മതം യോജിപ്പിക്കുന്ന ഒരു ശക്തിയാണു്. വിയോജിപ്പിക്കുന്നതല്ല. മനുഷ്യനെ മനുഷ്യനോടു യോജിപ്പിക്കുന്നതത്രേ മതം. ഒരു മനുഷ്യനെ വേറൊരു മനുഷ്യനിൽനിന്നു് അകത്തി ഭേദബുദ്ധിയോടുകൂടി കാണിക്കുന്നതു മതമല്ല; മതമാകാൻ നിവൃത്തിയില്ല."

* * * *

'എൻെറ മതം സത്യമാണു്, ദൈവികമാണു്; ഇതരമതം അസത്യമാണു്, ആസുരമാണു്,' ഈ അന്ധവിശ്വാസം അജ്ഞതയുടെ മകനും ആപത്തിൻെറ അപ്പനും ആകുന്നു. യഥാർത്ഥബ്രഹ്മവിദ്യാവാദികൾ ഈ

ഇരുണ്ട ബീഭത്സരൂപനെ ഭയപ്പെട്ടുന്നവരാണെന്നു പ്രസംഗകർത്രി വ്യക്തമാക്കി സത്യജിജ്ഞാസുക്കളുടെ കർത്തവ്യം നിർദ്ദേശിക്കാതിരുന്നിട്ടില്ല.

"ഒന്നാമതു സർവ്വമതസാധാരണമായ സത്യം കണ്ടുപിടിക്കുവാൻ യതിക്കണം; മാത്രമല്ല വ്യാജപ്രസ്താവങ്ങളും മൂഢവിശ്വാസങ്ങളും എല്ലാ മതത്തിലുമുള്ളതും തിരിച്ചറിയുകയും ചെയ്യണം. സത്യത്തേയും അസത്യത്തേയും തിരിച്ചറിയുക. അതാണു പ്രഥമകൃത്യം. പിന്നെ സാമാന്യമായി മതങ്ങളിൽ കാണുന്ന തത്വങ്ങളും അവയുടെ പ്രതിപാദനരീതിഭേദവും വേർതിരിച്ച് ഗ്രഹിക്കുകയാകുന്നു വേണ്ടത്.......... മനുഷ്യാത്മാവിൻെറ അജരാമരത്വം എന്ന ഗണ്യസിദ്ധാന്തം എതു മതവും ഉപദേശിക്കുന്നതാണ്. ഇതൊരു സാമാന്യസത്യമാകുന്നു. ദിവ്യവും നിത്യവുമായ ഇതിൻെറ സാക്ഷാൽക്കാരത്തിനുള്ള പദ്ധതിയെ നിർദ്ദേശിക്കുമ്പോളാണ് ഹാ! അഭിപ്രായവൈരുദ്ധ്യവും സ്വോപജ്ഞമാർഗ്ഗമാണ് ഉത്തമമെന്ന അവകാശവാദവും ആവിർഭവിക്കുന്നത്."

*          *          *          *

മതസംരക്ഷകന്മാർകൂടി അധർമ്മ്യമായ യുദ്ധത്തിന്നും ഭയങ്കരയായ സാമ്രാജ്യതൃഷ്ണയ്ക്കും വിടുവേലചെയ്യാൻ ദിവ്യമായ മതത്തെ നിയോഗിക്കുന്ന കാലത്ത്, ശുദ്ധിയും ശക്തിയും പ്രത്യക്ഷമാക്കി ആ ലോകസേവാപരമായ തത്വത്തെ രക്ഷിക്കുവാൻ സത്യാന്വേഷണതല്പരത തന്നെ, അപഹാസമന്ദഹാസവും അപവാദകോലാഹലവും വിഗണിച്ച്, ഉദ്യമിക്കേണ്ടതാകുന്നു. മാന്യയായ പ്രാസംഗിക സൂചിപ്പിച്ചിട്ടുള്ളതുപോലെ "സർവ്വമതസഭ, Parliament of Religions, അതിന്നു ശക്തമായ ഒരുപകരണം" ആയിത്തീർന്നെങ്കിൽ!

*          *          *          *

മതം കത്തിക്കെട്ടുപോയ ഒരു കരിക്കട്ടയല്ല: ജീവിതത്തിന് ആവശ്യമായ ചൂടും വെളിച്ചവും നൽകുവാൻ സാധിക്കുന്ന കനൽക്കട്ടയാണ്. മീതെ മൂടിക്കിടക്കുന്ന ചാരവും കരിയും മാററിക്കളയാൻ സത്യജിജ്ഞാസ എപ്പോഴാണ് അങ്ങോട്ടു ചെല്ലുക?

* 'Theosophy' യെ അധികരിച്ച് മാഡം സോഫിയാവാഡിയ ചെയ്ത 'പ്രഭാഷണ'ത്തിൻെറ ഒരു പ്രതി ഞങ്ങൾക്ക് അഭിപ്രായത്തിന്ന് അയച്ചിട്ടുള്ളതു നന്ദിപൂർവ്വം സ്വീകരിച്ചിരിക്കുന്നു.— പ്രസാധകൻ.

# മേഘസന്ദേശത്തിലെ അനുരാഗവൎണ്ണനം.

—പ്രൊഫസർ, എച്ച്. എച്ച്. കേരളവൎമ്മ അമ്മാമൻ തമ്പുരാൻ.

ശൃംഗാരമാണു മേഘസന്ദേശത്തിലെ അംഗിയായ രസം. തന്റെ ഭാൎയ്യയിൽനിന്നും ഹഠാൽ വിപ്രയുക്തനും, പുനസ്സമാഗമം ദയനീയതയോടെ ആഗ്രഹിക്കുന്നവനും ആയ യക്ഷന്റെ സന്ദേശമാണു് കാവ്യത്തിലെ പ്രതിപാദ്യവസ്തു. അനുരാഗത്തിന്റെ അപാരതയും, പ്രിയതമാവിയോഗത്താൽ ഒരു കാമുകനുണ്ടാകുന്ന കാമാൎത്തിയുടെ തീക്ഷ്ണതയും മാത്രമേ ആ യക്ഷന്റെ മനസ്സിൽ കുടികൊള്ളുന്നുള്ളു. തന്റെ യജമാനന്റെ— ഈ മഹാസങ്കടം അനുഭവിപ്പാൻ തന്നെ ശപിച്ച കുബേരന്റെ— നേരെ പരിഭവമോ, സ്വാമിയുടെ അപ്രീതിക്കു പാത്രമായി ഭവിച്ച തന്നേക്കുറിച്ചു് ഉപാലംഭമോ ലേശംപോലുമില്ല. ഈ വിപ്രവാസം കൂടാതെ കഴിക്കാൻ യാതൊരു നിൎവ്വാഹവുമില്ലെന്നുള്ള പൂൎണ്ണബോധത്തോടുകൂടി ദുൎവ്വിധിയെപ്പററി ആവലാതി പറയുകയോ പിറുപിറുക്കുകയോ ചെയ്യാതെ വിധിച്ച വിരഹകാലം കഴിച്ചുകൂട്ടുകയാണു നായകൻ ചെയ്യുന്നതു്. ഭാവിയിലുണ്ടാകാൻ പോകുന്ന പുനസ്സംയോഗത്തിലെ സുഖത്തേയും ഭാഗ്യത്തേയും മാത്രമേ എപ്പോഴും പ്രതീക്ഷിക്കുന്നുള്ളു. തന്മൂലം തന്റെ പ്രിയയുടെ ആയുരാരോഗ്യത്തേയും ക്ഷേമത്തേയും വിചാരിച്ചുള്ള പരിഭ്രമമല്ലാതെ മറെറാരു വ്യാകുലതയും ഇല്ല. കുസുമസദൃശവും ആശാമാത്രരക്ഷിതവും ആയ ഹൃദയം സദ്യഃപാതിയാകകൊണ്ടു് നായികയുടെ ജീവിതാലംബനത്തെക്കുറിച്ചു് ആ കാമുകനു എന്തെന്നില്ലാത്ത ഭയവും ഉൽകണ്ഠയും ഉണ്ടുതാനും. മേഘമുഖേന അയയ്ക്കുന്ന സന്ദേശവും, മേഘപ്രയാണാനുരൂപമായ മാൎഗ്ഗത്തിന്റേയും ഗന്തവ്യമായ അളകയുടേയും ഗൃഹത്തിൽ ഭൎത്തൃപ്രത്യാഗമനം തന്നെ പ്രതീക്ഷിച്ചുകൊണ്ടു 'ദിവസഗണനാതല്പര'യായിരിക്കുന്ന പ്രിയതമയുടേയും വൎണ്ണനവുമാണു സന്ദേശത്തിലെ ഇതിവൃത്തം.

സുഖാനുഭവങ്ങളുടേയും സന്തോഷങ്ങളുടേയും നടുവിൽ ജനിച്ചു വളൎന്നു വസിച്ചുവരുന്ന ഉപദേവന്മാരാണു യക്ഷന്മാർ. അവർ സദാ ശൃംഗാരമധുരമായ ജീവിതം നയിക്കുന്നു; അവരുടെ ജീവിതവും ജീവിതോദ്ദേശവും സംഭോഗശൃംഗാരത്തിൽ പ്രതിഷ്ഠിതമായ കാമസുഖാനുഭൂതി മാത്രമാണു്.

"ആനന്ദോത്ഥം നയനസലിലം യത്ര നാന്യൈർന്നിമിത്തൈ-
ർന്നാന്യസ്താപഃ കുസുമശരജാദിഷ്ടസംയോഗസാദ്ധ്യാൽ
നാപ്യന്യസ്മാൽ പ്രണയകലഹാദ്വിപ്രയോഗോപപത്തി-
ർവ്വിത്തേശാനാം ന ച ഖലു വയോയൌവനാദന്യദസ്തി"-

എന്നാണു കവി വർണ്ണിക്കുന്നതു്. മേഘത്തെ കണ്ടപ്പോൾ നായകന്റെ ഹൃദയം കാമവികാരംകൊണ്ടു് ഉജ്ജ്വലിതവും ഉന്മത്തവുമായിത്തീരുന്നു. "മേഘാലോകേ ഭവതി സുഖിനോപ്യന്യഥാവൃത്തിചേതഃ കണ്ഠാശ്ലേഷപ്രണയിനിജനേ കിം പുനർദ്ദൂരസംസ്ഥേ" എന്നല്ലേ ആപ്തവാക്യം? അതിനാൽ ആ സമയത്തു് ആയാൾ സ്വസ്ഥമനസ്സനല്ല, ഉന്മാദാവസ്ഥയെത്തന്നെ പ്രാപിച്ചിരിക്കുന്നു. എന്നാൽ ഈ 'പ്രകൃതികൃപണ'ത്വം കാമോന്മാദത്തിൽനിന്നു തന്നെയുണ്ടായതാണു്. ആ സ്ഥിതിയിൽ ആയാൾ മേഘത്തെ കണ്ടപ്പോൾ കാമചിന്തയിൽ ലയിക്കുന്നതിനാൽ, ശാപം അവസാനിച്ചതിനുശേഷം തനിക്കുണ്ടാകാനിരിക്കുന്ന അത്യാദൃശഭാഗധേയത്തിനു ആധാരമായ തന്റെ പ്രിയതമയുടെ അവളുടെ ക്ഷേമത്തേയും, തന്റെ അനുരാഗത്തേയും അല്ലാതെ മററെല്ലാത്തിനേയും പററിയുള്ള സ്മരണപോലും ചിത്തപഥത്തിൽനിന്നു നീങ്ങിപ്പോകുന്നു. അതുകൊണ്ടു സംഭോഗപരതയ്ക്കു് ഈ കാവ്യത്തിൽ പ്രാമാണ്യം കൊടുക്കുകയും, സ്വാത്ഥസ്വഭാവം ചിത്രീകരിക്കുകയും ചെയ്യുകാണെന്നതു സ്വാഭാവികമാണല്ലോ.

എന്നാൽ ഇപ്രകാരം സംഭോഗവികാരജന്യമായ ഇന്ദ്രിയാധീനസ്വാത്ഥത്തിന്റെ വർണ്ണനംകൊണ്ടു കാവ്യം ഗ്രാമകോടിയിൽപ്പെട്ടു മലീമസമാകാതിരിപ്പാൻവേണ്ടി കവി ഇന്ദ്രിയാധീനതയോടുകൂടി 'അതീന്ദ്രിയത്വ'വും ഇതിൽ മനോഹരമായി യോജിപ്പിച്ചിട്ടുണ്ടു്. ഈ കാവ്യത്തിൽ ശൃംഗാരപ്രേമം—അതായതു് ഒരു ഭക്തനു തന്റെ ആരാധനാമൂത്തിയായ ഭഗവാന്റെ പ്രീതി ലഭിക്കുവാനുള്ള അഭിവാഞ്ഛയോടും, അദ്ദേഹത്തോടു സായുജ്യം പ്രാപിക്കുവാനുള്ള 'ആത്തി'യോടും സദൃശമായ പ്രേമം—ആകുന്നു ആദശ്രൂപേണ പ്രതിപാദിച്ചിരിക്കുന്നതു്. നായകസ്ഥിതിയും പരിതഃസ്ഥിതിയും ഈ പ്രേമത്തെ പോഷിപ്പിക്കുന്നതിനു പര്യാപ്തമാകുന്നു. തടുക്കുവാനും നീക്കുവാനും വയ്യാത്ത സ്വാമിശാപം നിമിത്തം വിരഹദുഃഖം അനുഭവിക്കുന്ന വിദൂരസ്ഥയായ നായികയെ അവലംബിച്ചു് ഉണ്ടാകുന്ന വിപ്രലംഭശൃംഗാരമാണു് ഇതിൽ സ്ഥായിയായ രസം. ആ അവസ്ഥയിലാണല്ലോ യഥാത്ഥപ്രേമം സൂക്ഷ്മ

മായി പരിക്ഷിതമാകുന്നതു്; അനുരാഗം സമ്പത്തിലെന്നപോലെ വിപത്തിലും അചഞ്ചലവും, എന്തും ഏതും സഹിക്കുവാൻ ശക്തവും എന്നു കാണപ്പെടുന്നതു്; ചുരുക്കത്തിൽ ഈ വിധത്തിലുള്ള അനുരാഗമാണു് ഉത്തമമായ അനുരാഗാദർശം എന്നു കാവ്യത്തിൽ യക്ഷകഥാമുഖേന പ്രതിപാദിച്ചിരിക്കുന്നു. ആ തത്വത്തിൻെറ ചിഹ്നമായിട്ടാണു്, നായികാനായകന്മാർ രണ്ടുപേരും പരസ്പരം ലയിച്ചുചേൎന്നു സ്വത്വം മറന്നു് അവ്യക്തമായിബ്ഭവിച്ചു്, കായവാങ്മനോവൃത്തികളെക്കൊണ്ടു താൻ മറേറ ആൾതന്നെ ആയിത്തീൎന്നിരിക്കുന്നെന്നു കാണിച്ചിരിക്കുന്നതു്.

ഇവിടെ കാമുകൻ തൻെറ പ്രിയതമയോടു കാണിക്കുന്ന അനുകമ്പയുടെ തീക്ഷ്ണതയും ഗഹനതയും നിമിത്തം, അവളിൽ ലയിച്ചു സ്വയം നഷ്ടപ്രായനാകുന്നു. അവളുടെ ഗുണത്തിന്നും സുഖത്തിന്നും വേണ്ടി സദാ ആവേശത്തോടെ ത്യാഗവും പരിചര്യയും ചെയ്യാൻ എന്താണു് വഴി; എവിടെയാണവസരം എന്നുള്ളതാണു് അയാളുടെ മുഖ്യവിചാരം. തൻെറ അനുരാഗചക്ഷുസ്സിൽകൂടി വീക്ഷിച്ചു താൻ കാണുന്നതായ അവളുടെ മൃദുലവും അനുരക്തവുമായ ഹൃദയത്തെ പീഡിപ്പിക്കുന്ന ആ പ്രാണവേദനയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ തൻെറ ഹൃദ്വ്യാപാരവൈശ്യം തീരെ ഇല്ലാത്തതുപോലെ ആ കാമുകനു തോന്നുന്നു. അതുകൊണ്ടു് അവളുടെ സങ്കടങ്ങളേക്കുറിച്ചു അത്യധികം പരിതപിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുന്ന യക്ഷൻ തൻെറ കഷ്ടാവസ്ഥയെ തീരെ മറക്കുകയും കൂടി ചെയ്യുന്നു. ഈ പ്രശസ്യമായ വിസ്മരണം അനുരാഗത്തിങ്കൽ നിന്നു തന്നെ ജനിച്ചു് യഥാവിധി അതിനെ അനുഗമിക്കുന്നതും, പ്രിയതമയിൽ ലയിച്ചുചേൎന്നു് ഒന്നായിത്തീരുന്നതിന്നു ഉപകരിക്കുന്നതും ആയ "സ്വോന്മൂലനം" തന്നെയാണു്. ഇതിനാലാണു് ആ യക്ഷൻ അവളുടെ ആയുരാരോഗ്യക്ഷേമങ്ങളെപ്പററിയല്ലാതെ മറെറാന്നിനേയും ഒട്ടുംതന്നെ വിചാരിക്കാത്തതു്. പ്രപഞ്ചത്തേയും പരിതഃസ്ഥിതികളേയും പ്രാകൃതികനിയമങ്ങളേയും തീരെ വിസ്മരിച്ചു് നിരന്തരവും ഗാഢവുമായ ധ്യാനത്താൽ പ്രിയതമയിൽ വിലയിച്ചിരിക്കുന്ന, പൃഥക്ത്വരഹിതമായ അവസ്ഥയിലാണു് നായകനെ നാം കാണുന്നതു്.

ഹാ! ഈ യക്ഷൻെറ അനുരാഗം എത്ര നിഷ്കളങ്കം, എത്ര തീക്ഷ്ണം! സൎവ്വംക്ഷമവും സചേതനവും, സ്വാൎത്ഥരഹിതവും ആയ പ്രേമത്തിൻെറ മഹിമ വാഗഗോചരംതന്നെ. അതിനുള്ള ഈ ഉൽകൃഷ്ടതകൾക്കൊക്കെ കാരണം അതിൻെറ പരിശുദ്ധതയും, തന്മൂലം താനറിയാതുണ്ടാകുന്ന സ്വത്വാഭാവവുമാകുന്നു. അങ്ങനെയുള്ള മനസ്ഥിതിയി

ലാണ് ആ യക്ഷൻ മേഘത്തെ കാണുന്നതും ദയിതയുടെ ജീവിതത്തെക്കുറിച്ച് ഉൽക്കണ്ഠ ജനിക്കുന്നതും. അനുരാഗത്തിന്റെയും തന്മൂലമുണ്ടാകുന്ന വികാരവിചാരങ്ങളുടേയും അത്യുഗ്രമായ വിക്ഷോഭത്തിൽ, മേഘത്തിനു പ്രയാണാനുരൂപമായ മാർഗ്ഗത്തിന്റെ ദീർഘവും സൂക്ഷ്മവും ആയ ഒരു വർണ്ണനം സ്വാഭാവികമാണോ എന്നു സംശയം ജനിക്കുന്നുണ്ടെങ്കിൽ അതിനുകാരണം മനശ്ശാസ്ത്രവിജ്ഞാനത്തിന്റെ ദാരിദ്ര്യമാണ്. തന്റെ പ്രിയയോടുകൂടിച്ചേരുവാൻ താൻ തന്നെ ആ വഴിക്കു പോകുകയാണെങ്കിലത്തെപ്പോലെ ആ വർണ്ണനം കാമാർത്തന് ആഹ്ളാദകരമാകുന്നു. മേഘത്തെ വിശ്വസ്തമിത്രമായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അളകയെപ്പററിയുള്ള സവിസ്തരവർണ്ണനത്തിന്നും ഇതു തന്നെയാണുകാരണം. അവളുടെ വിരഹജീവിതത്തെ, അളകയിലെ സ്വാതന്ത്ര്യവും സുഖമയവുമായ ജീവിതത്തോടു താരതമ്യപ്പെടുത്തി, അവളുടെ അതിതീക്ഷ്ണമായ സന്താപവും അന്ധമായ നിരാശതയും എത്ര ദുസ്സഹമാണെന്ന് ഉദാഹരിച്ച്, തന്റെ പ്രിയ ഭാര്യ ഇപ്പോൾ അനുഭവിക്കുന്നുവെന്നു താൻ സങ്കല്പിക്കുന്ന ദുഃഖത്തിന്റെ അനുയുക്തമായ ഒരു പരിണാമം ചിത്രീകരിക്കുവാനും അതു സഹായമായിരിക്കുന്നുണ്ട്.

അനുരാഗമധുരവും ഉൽകണ്ഠാതരംഗിതവുമാണ് യക്ഷസന്ദേശം. മേഘം യക്ഷഗൃഹത്തിൽ ചെന്നുചേന്ന് നായികയോട് ആദ്യം സംസാരിച്ചുതുടങ്ങേണ്ടതായി നിർദ്ദേശിക്കുന്ന വാക്കുകളെത്തന്നെ നമുക്കു നിരൂപണം ചെയ്ക. മേഘം ചെന്നു പറയുന്ന സന്തോഷവർത്തമാനം അവൾ ശ്രദ്ധിച്ചുകേൾക്കണം; എന്നാൽ സന്തോഷമായാലും അതു പെട്ടെന്നു കേൾക്കുമ്പോൾ, അവളുടെ കൃശവും സുകുമാരവുമായ ദേഹത്തിന്നും വ്യാകുലവും മൃദുലവുമായ മനസ്സിന്നും അപായം തന്നെയുണ്ടായേക്കാം. അതുകൊണ്ടു ആദ്യം 'ഭർത്തുഃ' എന്നു പറയാനാണ് യക്ഷൻ മേഘത്തോടു നിർദ്ദേശിക്കുന്നതു്. ആ ആപാതമധുരവും ആലോചനാമൃതവുമായ വാക്കു അവളെ സശ്രദ്ധയും ഭർത്തൃവാർത്താശ്രവണത്തിൽ അത്യുൽസുകയും ആക്കും. അവിടെ നിരാശപ്പെടുത്താതിരിപ്പാൻ പിന്നെ ഉടനെ 'മിത്രം' (താൻ അദ്ദേഹത്തിന്റെ ബന്ധുവാണ്) എന്നു പറയണം. അപ്പോൾ യക്ഷിണി മേഘത്തിന്റെ നേരെ നോക്കും. എന്നാൽ വെറും ഒരു ബന്ധുവാണെങ്കിൽ യക്ഷനെപ്പററി അത്രയേ അറിവുണ്ടാവുള്ളുവെന്നും, യക്ഷന്റെ കഥ മുഴുവനും അറിയാതെ ഒരു സമയം യക്ഷനെ കാണാൻതന്നെ വന്നതായിരിക്കുമെന്നും ശങ്കിച്ച് അവളുടെ ആശ

ഭഗ്നമാകാതിരിപ്പാൻ 'പ്രിയം' (ഉററബന്ധുവാണ്. ആയാളെപ്പററി തനിക്കു സകലവും അറിയാം) എന്നു ധരിപ്പിക്കണം. അപ്പോൾ 'അതിസ്നേഹഃ പാപശങ്കി' എന്ന പ്രമാണപ്രകാരം, അവൾ തൻെറ ഭർത്താവിന്നു് ആപത്തുസംഭവിച്ചിരിക്കുമോ എന്നു ഭയപ്പെട്ടേക്കാം. ആ ഭയം തന്നെ മതി അവളുടെ ജീവഹാനിപോലും വരുത്തുവാൻ. അതുകൊണ്ടു് ഉടനെ അവളെ 'അവിധവേ' എന്നു സംബോധനചെയ്യണം. അതുകേട്ടാൽ തൻെറ ഭർത്താവു ജീവിച്ചുതന്നെയിരിക്കുന്നുവെന്നുള്ള സന്തോഷവാർത്ത അവളുടെ മനസ്സിനെ കുളിർപ്പിക്കാതിരിക്കുകയില്ല. അങ്ങനെ സന്തോഷിപ്പിച്ചു കഴിഞ്ഞശേഷം താൻ ആരെന്നും എന്തിന്നു വന്നിരിക്കുന്നുവെന്നും മററും മേഘം അവളെ മനസ്സിലാക്കണം.

പിന്നീടു യക്ഷൻ അനന്യമാനസനും സ്ഥിരാനുരാഗനും ആണെന്നും അവളുടെ ക്ഷേമത്തേയും സുഖത്തേയും കുറിച്ചു് ഔത്സുക്യമുള്ളവനാണെന്നും ആയാൾ എന്നും എവിടേയും അവളുടെതന്നെയെന്നും, മററാരുടെയല്ല, ആവില്ല എന്നും, വിപ്രവാസംകൊണ്ടു് അനുരാഗം വർദ്ധിക്കുകയും ദൃഢീഭവിക്കുകയുമല്ലാതെ അതു് ആഴത്തിലും അളവിലും അല്പവും കുറഞ്ഞിട്ടില്ലെന്നും അവളോടു പറയേണ്ടതാണ്. ഇതിൽ, തനിക്കു സുഖമാണെന്നും മററും തന്നെപ്പററിത്തന്നെ യക്ഷൻ പറയുന്നതു പൂർണ്ണമായും ദയിതയെ സമാശ്വസിപ്പിച്ചു് സന്തോഷിപ്പിക്കുന്നതിന്നും, ധൈര്യപ്പെടുത്തുന്നതിനും മാത്രമാണ്. തൻെറ ഭർത്താവിന്നു സുഖമാണെന്നു ശരിയായി അറിഞ്ഞാലേ അവൾക്കു് അവളുടെ സങ്കടം സഹിച്ചു്, ശാപാന്തത്തിൽ അദ്ദേഹത്തോടുകൂടി വീണ്ടും ചേൎന്നു സുഖിക്കാമെന്നു് ആശിച്ചു ജീവിക്കുവാൻ സാധിക്കുകയുള്ളുവെന്നു് അനുരാഗമൂർച്ഛിതമായ ഹൃദയം മൂകമായി മന്ത്രിച്ചിട്ടുണ്ടായിരിക്കണം.

ഏകാന്തവും സന്തോഷരഹിതവും ആയ പ്രിയതമാജീവിതത്തിൻെറ ദയനീയചിത്രം അദ്ദേഹത്തെ സ്നേഹപരവശനാക്കുന്നതിനാലാണ്,

"ജാനേ സഖ്യാസ്തവ മയി മനഃ സംഭൃതസ്നേഹമസ്മാ-
ദിത്ഥം ഭൂതാം പ്രഥമവിരഹേ താമഹം തൎക്കയാമി
വാചാലം മാം ന ഖലു സുഭഗം മന്യഭാവഃകരോതി
പ്രത്യക്ഷം തേ നിഖിലമചിരാൽ ഭ്രാതരുക്തം മയായൽ."

എന്നു യക്ഷൻ പ്രസ്താവക്കുന്നതു് അവളുടെ അനുരാഗം വാസ്തവവും,

പൂണ്ണവും, സവ്വംജയിയും ആണെന്നു വൎണ്ണിക്കുമ്പോഠം, അതോടുകൂടി അയാഠംക്കു് അവളിലുള്ള അനുരാഗവും അതിലും അധികമായി അപ്രകാരംതന്നെയാണെന്നു കാണിക്കുകയും, അവരുടെ അന്യൂനവും പൂണ്ണവുമായ അന്യോന്യാഭേദത്തെ ഉദാഹരിക്കുകയും ചെയ്യുന്നുണ്ടല്ലോ. അവഠം തനിക്കു് ഏതുപോലെ, എങ്ങനെയെല്ലാമാകുന്നുവോ, അതുപോലെ താൻ അവഠംക്കുമാണെന്നും, അവഠംക്കു തന്നോടുള്ള പ്രേമം പരിപൂണ്ണവും, ഗഹനവും, അന്യാദൃശവും തന്നെയെന്നും അയാഠംക്കു പ്രത്യക്ഷവും ദൃഢവുമായ ബോധം ഉണ്ടു്. ഈ ദമ്പതിമാർ തമ്മിലുള്ള അനുരാഗത്തെ ശ്രീരാമനും സീതയും തമ്മിലുള്ള അനുരാഗത്തോടുപമിച്ചു് — "ഇത്യാഖ്യാതേ പവനതനയം മൈഥിലീവോന്മുഖീസാ" എന്നു പറയുന്നതിൽനിന്നു പല പരിപാവനമായ സൂചനകളും പരമശുദ്ധമായ വികാരങ്ങളും തെളിയുന്നില്ലേ? അതായതു്, യക്ഷനും പ്രിയതമയും തമ്മിലുള്ള അനുരാഗത്തിന്നു് ഉന്നതമായ മഹിമയും നിമ്മലമായ ഏകാഗ്രതയും ഉണ്ടെന്നും, കാമുകന്നു തന്റെ പ്രിയയുടെ നിഷ്കളങ്കമായ അനുരാഗത്തെക്കുറിച്ചു പൂണ്ണവും അനിവ്വചനീയവുമായ ബോധം വന്നിരിക്കുന്നെന്നും സ്പഷ്ടമാകുന്നു. അവരുടെ പരസ്പരപ്രേമം ദൈവവിഹിതമാണെന്നും അന്യന്നു് അതിൽ പ്രവേശമോ അവകാശമോ അല്പം പോലുമില്ലെന്നും ആ യക്ഷനു തീച്ചയുണ്ടു് — കാമുകനും പ്രിയതമക്കും അവരുടെ (അനന്യഭാജ്യവും അനന്യഭോജ്യവു)മായ അനുരാഗത്തിൽ അത്ര പ്രത്യക്ഷവും പരിപൂണ്ണവും ദൃഢവുമായ വിശ്വാസമാണു്. ആയാളുടെ സന്ദേശം 'ഉൽകണ്ഠാവിരചിതപദമായതിലും, തനിക്കു് അവളിൽ ലയിച്ചു് അഭേദം വന്നതുപോലെ, അവഠംക്കും തിരെ തന്നിൽ ലയിച്ചു് അഭേദം വന്നിട്ടുണ്ടെന്നു് ആയാഠം വിചാരിക്കുന്നതിലും പിന്നെ എന്താണു് അത്ഭുതം!

ഇവിടെ പ്രകാശിപ്പിച്ചിരിക്കുന്ന അനുരാഗത്തിന്റെ ചിത്രം ഭാരതീയം തന്നെ. എന്തെന്നാൽ വിനീതമായ "സ്വോന്മൂലനം" കൊണ്ടു ജീവിതത്തിലെ ഉൽകൃഷ്ടങ്ങളും സാന്ദ്രങ്ങളുമായ ആനന്ദങ്ങളും അവകാശങ്ങളും അനുഭവിക്കുക എന്ന ഉത്തമഗുണത്തിന്റെ ഉദാഹരണമല്ലേ ഈ സന്ദേശത്തിലെ കഥാസാരം? ജീവിതത്തിന്റെ പരമമായ മഹനീയത ഐഹികസുഖങ്ങളുടെ ഐന്ദ്രിയാനുഭൂതിയിലല്ലെന്നും, കാമുകീകാമുകന്മാരുടെ ഹൃദയത്തോടു് ഹൃദയം ചേൎന്നുണ്ടാകുന്ന പ്രേമരൂപമായ അന്യോന്യവിശ്വാസത്തിൽനിന്നുൽഭ

തമാകുന്നതും, അനുരാഗമാകുന്ന മഹേന്ദ്രജാലത്തിന്റെ അയസ്കാന്തസദൃശവും ആകൎഷകവുമായ പ്രേരണാശക്തികൊണ്ടു സസന്തോഷം സ്വീകൃതമാകുന്നതുമായ സങ്കടങ്ങളിലും ത്യാഗങ്ങളിലുമാണെന്നുകൂടി ഈ ചിത്രം ഉദാഹരിക്കുന്നുണ്ടല്ലോ. യഥാൎത്ഥപ്രേമം ജീവിതത്തെ ഉൽബോധിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും കോമളമാക്കുകയും ചെയ്യുന്നു; അതു് അപകൃഷ്ടവും അല്പായുസ്സും ആയ സ്വത്വം വഴിക്കു് ഉൽകൃഷ്ടവും മഹീയസ്സുമായ ആത്മാവബോധത്തിലെത്തുവാൻ നമ്മെ ശക്തരാക്കുന്നു. അതു ജീവിതത്തെ യഥാൎത്ഥത്തിൽ ധൎമ്മിഷ്ഠവും ഉപയോഗപ്രദവുമാക്കിത്തീൎക്കുന്നു. പ്രേമമാണു ജീവിതമെന്നും, ജീവിതം പ്രേമത്തിന്നു വേണ്ടതും പ്രേമത്തിൽതന്നെ പ്രതിഷ്ഠിതവുമായ സേവനവും സഹനവുമാണെന്നും നാം ഈ കാവ്യത്തിൽനിന്നും ഗ്രഹിക്കുന്നില്ലേ? ഇതൊന്നും ധരിക്കാതെകണ്ടാണു് ചില പാശ്ചാത്യനിരൂപകന്മാർ "ഈ ദമ്പതിമാർ ഉപദേവന്മാരാണു്; ഇവരുടെ വിരഹവാസം തെററചെയ്തതിന്നുള്ള ശിക്ഷയായിട്ടാണു്; അതും കുറച്ചു കാലത്തേക്കേയുള്ളു; അതു കഴിഞ്ഞാൽ പുനസ്സമാഗമം തീൎച്ചയായും ഉണ്ടാകുന്നതാണു്" എന്നും "യക്ഷൻ ഇപ്പോൾ ഉന്മാദാവസ്ഥ പ്രാപിച്ചു ചേതനാചേതനങ്ങളിൽ പ്രകൃതികൃപണനാണു്" എന്നും മററും കാരണം കാട്ടി മേഘസന്ദേശത്തിൽ ചെയ്തിരിക്കുന്ന അനുരാഗവൎണ്ണനയ്ക്കു സ്വാഭാവികത്വമോ, വാസ്തവത്വമോ ഇല്ലെന്നു തെററിപ്പറയുന്നതു്. ഇതിന്റെ ചിത്രീകരണത്തിൽ കാണിച്ചിരിക്കുന്ന പ്രശസ്തമായ പടുതയും രമണീയമായ ചമൽകൃതിയും കണ്ടും, പ്രത്യക്ഷാനുഭവം കൂടാതെ ഇങ്ങനെ സചേതനവും ഹൃദയാവൎജ്ജകവുമായി വൎണ്ണിക്കുവാൻ സാദ്ധ്യമല്ലെന്നുവച്ചുംകൊണ്ടായിരിക്കണം, ഈ മേഘസന്ദേശം വാസ്തവത്തിൽ അന്യാപദേശരൂപേണ കവീന്ദ്രനായ കാളിദാസൻ വിക്രമാദിത്യദേവന്റെ സ്വസാവിനു് അയച്ച സന്ദേശമാണെന്നുള്ള ഐതിഹ്യം ഒരു സഹൃദയശിരോമണി കെട്ടിയുണ്ടാക്കിയതു്. യഥാൎത്ഥത്തിൽ ഈ ഉപദേവനായ യക്ഷന്റെ അനുരാഗം ഭൂലോകവാസികളായ അസ്മാദൃശന്മാൎക്കു് ഒരു മഹനീയ മാതൃകാദൎശം തന്നെ !

---

[ഈ ലേഖനനിൎമ്മാണത്തിൽ പരേതനായ റാവുബഹദൂർ എം. രംഗാചാൎയ്യഗുരുപാദരുടെ മേഘസന്ദേശത്തെപ്പററിയുള്ള പ്രസംഗവും, പൂൎണ്ണ സരസ്വതിയുടെ വിദ്യുല്ലതാവ്യാഖ്യാനവും, എന്നെ വളരെ സഹായിച്ചിട്ടുണ്ടു്.]

ലേഖകൻ.

# മറന്നുപോയി

— വി. വി. കെ.

൧

സാദരം വന്നു കഴൽതൊഴുന്ന
സൗഹൃദത്തേയും തിരസ്കരിക്കും:

സൌവർണ്ണകാന്തിയിലന്ധനായി,
സ്സൗന്ദര്യയാചന ചെയ്യും മർത്ത്യൻ!

൨

കാമലഹരി കലർന്നിടാത്ത
പ്രേമമധുരമധുവിനായി,

പാരം പരന്നൊരിപ്പാരിലെത്ര-
പേരുണ്ടു കൈക്കുമ്പിൾ കാട്ടുവാനായ്?

൩

സാത്വിക രാഗ പ്രശംസയെല്ലാം
സ്വാർത്ഥ വിജയത്തിന്നായി മാത്രം!

സ്നേഹത്തെ സ്നേഹത്തിനൊന്നിനായി
സ്നേഹിക്കാൻ ലോകം മറന്നുപോയി!

# പ്രേമത്തിന്നു് കണ്ണില്ല.*

—കെ. ഗൌരിക്കുട്ടിയമ്മ.

ഒരു ഭാരതീയ ബാലികയുടെ വിവാഹം — ഒരു സാധാരണ സംഭവമായ ഇതിൽ വിശേഷമെന്തു്? ഭർത്താവിൽ അത്രമാത്രം ഭക്തിയുള്ളവരാണു് ഞങ്ങൾ. അവരെ ഞങ്ങൾ ഈശ്വരനെപ്പോലെ കരുതുകയും അവർക്കുവേണ്ടി എന്തും ചെയ്വാൻ സന്നദ്ധകളായിരിക്കുകയും ചെയ്യുന്നു.

വിലാസപുരി കലക്ടരുടെ ഓഫീസിൽ ഒരു ഗുമസ്തനായിരുന്നു എന്റെ അച്ഛൻ. അദ്ദേഹത്തിന്നു് അഞ്ചു കുട്ടികളുണ്ടായിരുന്നു. മൂത്തവളായിരുന്നു ഞാൻ. എന്റെ അച്ഛന്നു പ്രതിമാസം കഷ്ടിച്ചു് നൂറുറുപ്പിക വരവുണ്ടായിരുന്നു. നിങ്ങൾ ആലോചിച്ചാൽ മതി അച്ഛന്റെ ബുദ്ധിമുട്ടുകൾ. ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ അദ്ദേഹം ഒരു വിധം കഴിച്ചുകൂട്ടി. എന്നാൽ എല്ലാവരും പഠിക്കാൻ തുടങ്ങിയപ്പോൾ അച്ഛന്നു് കടം വർദ്ധിച്ചു. ഞങ്ങൾ ദരിദ്രരുമായി.

ഞങ്ങളുടെ ബുദ്ധിമുട്ടുകളുടെ പ്രാരംഭഘട്ടം. എനിക്കു് വയസ്സു പതിന്നാലു കഴിഞ്ഞു. എന്റെ വിവാഹം കഴിയണം. ഒരു ഹിന്ദുബാലികയുടെ വിവാഹം ഒരു ഭാരമാണു്. സ്ത്രീധനം നൽകാൻ എന്റെ അച്ഛൻ ശക്തനല്ല. ഒരു നല്ല സംഖ്യ സ്ത്രീധനം കൂടാതെ എന്നെ ആരും സ്വീകരിക്കയുമില്ല. എന്നിൽ ദൈവവും നിർദ്ദയനായിരുന്നു. അദ്ദേഹം എനിക്കു് സൌന്ദര്യം തന്നില്ല. അച്ഛൻ എത്രതന്നെ ധനികനായാലും വധു എത്രതന്നെ വിദ്യാസമ്പന്നയായാലും അവൾക്കു സൌന്ദര്യം വേണം. എല്ലാ പെൺകുട്ടികളും ആഗ്രഹിക്കാറുണ്ടു് സുന്ദരിമാരാവാൻ — അഥവാ സുന്ദരിമാരാണെന്നു തോന്നിക്കുവാനെങ്കിലും. പണക്കാരികളായ പെൺകുട്ടികൾ പൊടികളെക്കൊണ്ടും വിലപിടിച്ച വസ്ത്രാഭരണാദികളെക്കൊണ്ടും ഒരു വിധം ഒപ്പിക്കാറുണ്ടു്. എനിക്കു് അങ്ങിനെ ചെയ്വാൻ കഴിഞ്ഞില്ല. അങ്ങനെ നാലുകൊല്ലം കഴിഞ്ഞു. അച്ഛൻ എന്നെ ഒരു വലിയ ശമ്പളക്കാരനായ ഉദ്യോഗസ്ഥന്നു വിവാഹം ചെയ്തുകൊടുക്കുവാൻ ശ്രമിച്ചു; ഫലിച്ചില്ല. പിന്നീടു് അദ്ദേഹത്തിന്റെതന്നെ അവിവാഹിതനായ ഗുമസ്തനെ ഏല്പിക്കാൻ ആലോചിച്ചു; അതും നിഷ്ഫലമായ

---

* ത്രിവേണിയിൽനിന്നു പരിഭാഷ.

തേയുള്ളൂ. അച്ഛൻ നിരാശനായി. ഞാനെന്തുചെയ്യും? സുന്ദരിയാവാൻ ഞാൻ വിചാരിച്ചാൽ കഴിയുമോ? ദൈവേച്ഛ സഹിക്കുകയല്ലാതെ ഗത്യന്തരമില്ലല്ലോ.

റാവുബഹദൂർ ദേശമുഖറാവു ഞങ്ങളുടെ അയൽവാസിയായിരുന്നു. വാസ്തവം പറകയാണെങ്കിൽ അദ്ദേഹത്തിൻെറ തോട്ടത്തിൽ തന്നെയുള്ള ഒരു പത്തായപ്പുരയിലായിരുന്നു ഞങ്ങളുടെ താമസം. അവിടെ ഒരു പേരുകേട്ട വക്കിലായിരുന്നു റാവുബഹദൂർ. അദ്ദേഹത്തിൻെറ പുത്രി ശാന്തക്ക് എന്നേക്കാൾ രണ്ടു വയസ്സു കൂടും. ഉററചങ്ങാതികളായിരുന്നു ഞങ്ങൾ. ബാല്യത്തിന് ദരിദ്രതയും ധനികതയും വ്യത്യാസമില്ലല്ലോ. മട്രിക്കലേഷൻ പാസായി ശാന്ത ബോമ്പയിലെ കോളേജിൽ ചേർന്നു. വിലാസപുരിയിൽ അവൾ വരുമ്പോഴെല്ലാം ഞാനവളുടെ കൂടെയാണ് അധികസമയവും കഴിച്ചുകൂട്ടിയിരുന്നതു്.

അടുത്ത ആണ്ടിൽ അവൾ വന്നപ്പോൾ എന്നോടുള്ള പെരുമാററത്തിൽ കുറച്ചു ഭേദം കണ്ടു. എനിക്കു കാര്യമൊക്കെ മനസ്സിലായി. എൻെറ പെരുമാററവും ഞാനൊന്നു ഭേദപ്പെടുത്തി. ഞാനൊരു ദരിദ്രയും വിരൂപയുമാണെന്ന് എനിക്ക് ഒരിക്കലും മറക്കുവാൻ കഴിഞ്ഞില്ല. ശാന്ത ഒരു സുന്ദരിയാണ്. അതെ-ഞാൻ പറയും അവൾ അതിസുന്ദരിയാണെന്ന്. ഒരു സ്ത്രീ മറെറാരു സ്ത്രീയുടെ സൌന്ദര്യത്തെപ്പററി പറയുന്നതു ശരിയല്ലെന്ന് എനിക്കറിയാം. എങ്കിലും എനിക്ക് എൻെറ സ്നേഹിതയായ ശാന്തയുടെ സൌന്ദര്യത്തെ പ്രശംസിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ദിനകരറാവു— ഞാനെന്താണെഴുതുന്നതു്? എന്തായാലും തുടരുകതന്നെ—ശാന്തയുടെ സഹപാഠിയായിരുന്നു. അദ്ദേഹത്തിൻെറ അമ്മാമൻ പൂനയിലാണു താമസിച്ചിരുന്നതു്. ആളുകൾ പറഞ്ഞിരുന്നു അദ്ദേഹം ദിനകരറാവുവിനെ ദത്തെടുക്കുമെന്ന്. ദിനകരറാവുവിനെ ഐ. സി. എസ്സിന് അയക്കേണമെന്നായിരുന്നു അമ്മാമൻെറ മോഹം. റാവുബഹദൂർ ദിനകരറാവുമായുള്ള താൻെറ മകളുടെ സൌഹാർദ്ദം ദൃഢീകരിക്കുന്നതിന് ശ്രമിച്ചു. മദ്ധ്യവേനൽക്കാലത്തു് കുറച്ചിട ദിനകരറാവു റാവുബഹദൂറിൻെറ അതിഥിയായി താമസിച്ചു. ശാന്തക്ക് ഏററവും സന്തോഷപ്രദങ്ങളായിരുന്നു ആ ദിവസങ്ങൾ. അവർ തമ്മിൽ തർക്കിച്ചു; സംസാരിച്ചു; പിരിഞ്ഞു യോജിക്കുവാൻ; യോജിച്ചു വീണ്ടും പിരിയുവാൻ. അതെ—അവൾക്ക് അക്കാലം ഒരുത്സവമായിരുന്നു. ഞാനൊന്നു

യാഥാസ്ഥിതികയാണ്. ഞാൻ വിചാരിച്ചു: "ശാന്തയ്ക്കു് ദിനകരറാവുവിനോടു ഇത്ര സ്വാതന്ത്ര്യം പാടില്ല. ഇതു മര്യാദയല്ല" ശാന്തയോടു് ഇതു് ഞാൻ പറകയുമുണ്ടായി. "വേണൂ നോക്കൂ," ഇതായിരുന്നു ശാന്തയുടെ മറുപടി, "ഞാൻ ദിനകരറാവുവിനെ സ്നേഹിക്കുന്നു. അദ്ദേഹം എന്നേയും. ഞങ്ങളുടെ വിവാഹം കഴിഞ്ഞതുപോലെതന്നെ. അച്ഛനറിയാം അതെല്ലാം. "ഡിഗ്രി" കിട്ടാൻ വേണ്ടി മാത്രം കാത്തിരിക്കുകയാണ് ഞങ്ങൾ. ഞങ്ങളുടെ പെരുമാററം നിനക്കു പിടിക്കാത്തതിൻെറ കാരണം എനിക്കു് മനസ്സിലാകുന്നില്ല. നീ അത്ര നല്ലവളല്ല." ശാന്തയുടെ ഈ സമാധാനം എന്നെ ഒട്ടും തൃപ്തിപ്പെടുത്തിയില്ല.

ദിനകരറാവുവിനെ ഞാൻ രണ്ടു പ്രാവശ്യമേ കണ്ടിട്ടുള്ളു. അദ്ദേഹത്തെക്കണ്ടാൽ ഒരു സത്യവാനാണെന്നു തോന്നിയിരുന്നു. അദ്ദേഹത്തിന്നു് ഒരു സുന്ദരൻെറയും മര്യാദക്കാരൻെറയും മട്ടുണ്ടായിരുന്നു. ശാന്ത ദിനകരറാവുവിനെ വിവാഹം കഴിച്ചാൽ നന്നാവില്ലെന്നു എനിക്കു് തോന്നി. എൻെറ ഈ തോന്നലിനു കാരണമെന്തോ? അകാരണമായും മനുഷ്യനു പലതും തോന്നാറുണ്ടു്. അതിൻെറ സൂക്ഷ്മം ഞാനിന്നാണ് മനസ്സിലാക്കുന്നതു്. ദിനകരറാവുവിൻെറ അമ്മാമൻ അദ്ദേഹത്തെ സിവിൽ ഉദ്യോഗസ്ഥനാക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ദിനകരറാവു പ്രൊഫസരാകാനാണ് ഇഷ്ടപ്പെട്ടതു്. ഈ ആലോചന ശാന്തയ്ക്കു പിടിച്ചില്ല. അദ്ദേഹം ധാരാളം പണം സമ്പാദിച്ചു് അതിൽ വളരെ ചെറിയ ഒരു ഭാഗവും കുറച്ചു സമയവും മാത്രം രാജ്യത്തിനുവേണ്ടി ചിലവിടേണമെന്നായിരുന്നു അവളുടെ ആഗ്രഹം. ദിനകരറാവു സമ്മതിച്ചില്ല. എതിർവാക്കു് കീഴടങ്ങുന്ന പ്രകൃതമായിരുന്നില്ല ശാന്തയുടേതു്. അവൾ ക്ഷോഭിച്ചു; കോപിച്ചു. ഞാനെന്താണു ചെയ്യേണ്ടതെന്നറിയാതെ കുഴങ്ങി. വല്ലവിധത്തിലും അവിടെനിന്നൊഴിഞ്ഞാൽ മതിയെന്നായി.

"പറയൂ വേണൂ, ഞാനെന്തു ചെയ്യണമെന്നു്: ഒരു സിവിൽ ഉദ്യോഗസ്ഥനായി കുറേ പണം സമ്പാദിക്കുകയോ, വിദ്യാഭ്യാസത്തിന്നായി എൻെറ ജീവിതം സമർപ്പിക്കുകയോ? ഒരു ഉദ്യോഗസ്ഥനായി രാജ്യശുശ്രൂഷ ചെയ്യുന്നതു നന്നല്ലെന്നു് എനിക്കഭിപ്രായമില്ല. എന്നാൽ വിദ്യാഭ്യാസം അതിലും എത്രയോ ഉപരിയാണെന്നാണ് എൻെറ അഭിപ്രായം. എൻെറ ആലോചനയെപ്പററി നീയെന്തുപറയുന്നു?" ദിനകരറാവു ചോദിച്ചു.

"വേണൂ, നിൻെറ അഭിപ്രായം എന്തു്? നീയാണ് ഇപ്പോൾ വിധികർത്താവു്. ഞങ്ങളുടെ കാര്യം തീർച്ചയാക്കൂ" ശാന്ത പറഞ്ഞു.

എനിയ്ക്കു് എന്തുചെയ്യേണമെന്നു് അറിയാൻ പാടില്ലാതായി. ഞാൻ വിഷമിച്ചു; പരിഭ്രമിച്ചു. ഒടുവിൽ ഞാനൊരുവിധം പറഞ്ഞൊപ്പിച്ചു, "നിങ്ങളുടെ ജീവിതം വിദ്യാഭ്യാസത്തിന്നായി ചിലവഴിക്കണം" എന്നു്. എൻെറ അപ്പോഴത്തെ മനസ്ഥിതിയും വികാരവും എനിയ്ക്കു മാത്രമേ അറിഞ്ഞുകൂടൂ.

"ഭേഷ്" ദിനകരറാവു പറഞ്ഞു. "വേണു എന്നോടു യോജിയ്ക്കുന്നു."

"ഉവ്വ്, ഉവ്വ്", ശാന്ത കുറച്ചു കോപത്തോടെ പറഞ്ഞു: "നിങ്ങൾ രണ്ടാളും യോജിക്കുന്നുണ്ടെങ്കിൽ വിവാഹം നിങ്ങൾ തമ്മിൽ തന്നേയാണു് നല്ലതു്. നിങ്ങളുടെ രാജ്യസേവയ്ക്കുള്ള ആലോചനകൾ നിറവേററുന്നതിൽ ഒരു സഹായിയായിത്തീരും ഈ വിത്രപയായ വേണു." അവൾ ദ്വേഷ്യത്തോടുകൂടി ആ സ്ഥലം വിട്ടു. ഈശ്വരാ! എന്താണിതിൻെറ അൎത്ഥം. ഞാൻ രണ്ടുപേരേയും സന്തോഷിപ്പിക്കുവാൻ ശ്രമിച്ചു; വ്യൎത്ഥമായി. ദിനകരറാവു ശാന്തനായിരുന്നു. "വേണു," അദ്ദേഹം പറഞ്ഞു. "ശാന്ത ദ്വേഷ്യപ്പെട്ടിരിയ്ക്കുന്നു. അവൾ ഒരു സാധുകുട്ടിയാണു്, ദയാശീലയാണു്."

ഈ സംഭവം കാലത്താണുണ്ടായതു്. വൈകുന്നേരം ദിനകരറാവുവും ശാന്തയും കൂടി 'സൎക്കീട്ടു' പോകുന്നതു് ഞാൻ കണ്ടു. ഞാൻ സന്തോഷിച്ചു. ശാന്ത ദിനകരറാവുവിനെ വിവാഹം ചെയ്യും. അതും കാലവിളംബം കൂടാതെ. ഞാനൊരു ഫലിതം പറയാൻ തീൎച്ചയാക്കി. ഞാൻ ചോദിച്ചു, "ശാന്തേ, നീ ഇന്നു രാവിലെ ദിനകരറാവുവിനോടു മുഷിഞ്ഞു. വൈകുന്നേരമായപ്പോഴെയ്ക്കും അതു തീരുകയും ചെയ്തു. ഇതെങ്ങിനെ?"

"ഉവ്വ്, വേണു" ശാന്ത കുറച്ചു ദ്വേഷത്തോടെ പറഞ്ഞു. "ഞാനതെല്ലാം മറന്നു. ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും ഞങ്ങൾ ഒന്നാണു്. ഞാൻ അദ്ദേഹത്തെ സ്നേഹിയ്ക്കുന്നു. ഞാൻ നിന്നോടു് ഒരു കാൎയ്യം പറയട്ടെ, വേണു, ഞങ്ങൾ സംസാരിയ്ക്കുന്ന സ്ഥലത്തു നീ ഇരിയ്ക്കുന്നതു് ഞങ്ങൾക്കിഷ്ടമില്ല. അതു ചീത്തയാണെന്നു് നീ അറിയണം."

ഞാനമ്പരന്നു. ശാന്തയ്ക്കും എന്നോടസൂയയോ? ഞാനൊരു ദരിദ്ര, പോരെങ്കിൽ വിത്രപയും. ധനികയും സുന്ദരിയുമായ ശാന്ത എന്നിൽ അസൂയപ്പെടുന്നതെന്തിനു്? അന്നു രാത്രി എനിയ്ക്കുറക്കം വന്നില്ല. ഞാൻ അസ്വസ്ഥചിത്തയായി. "നിങ്ങളും വേണുവും

തമ്മിൽ യോജിക്കുന്നുവെങ്കിൽ വിവാഹം നിങ്ങൾ തമ്മിലാണു് നല്ലതു്. ഈ വാക്കുകൾ എൻെറ ചെവികളിൽ മാറെറാലിക്കൊണ്ടു. അവളുടെ ആ വാക്കുകൾ യഥാർത്ഥമാകുമെന്നു ഞാനിപ്പോൾ മാത്രമേ അറിയുന്നുള്ളു.

ദിവസങ്ങൾ ചിലതു കഴിഞ്ഞു. ദിനകരറാവു രാഷ്ട്രീയ വിപ്ളവത്തിൽതന്നെ ചേരുവാൻ തീൎച്ചയാക്കി ബി. എ. ക്കു ശേഷം ഐ. സി. എസ്സിന്നു് പോകേണമെന്ന ആലോചന അദ്ദേഹം വിട്ടുകളഞ്ഞു. അദ്ദേഹം ഭാരതസേവാസംഘത്തിൽ ചേരുകയും ഗ്രാമോദ്ധാരണത്തിന്നു തുനിയുകയും ചെയ്തു. റാവുബഹദൂറിന്നു് ഈ മാററം ഒട്ടും പിടിച്ചില്ല. ദിനകരറാവുവിൻെറ അമ്മാമൻ ദേഷ്യപ്പെട്ടു. എന്നാൽ അദ്ദേഹം സ്ഥിരചിത്തനായിരുന്നതേയുള്ളു.

റാവുബഹദൂറിന്നും ശാന്തക്കും ഇതധികമായിത്തോന്നി. അവർ അദ്ദേഹത്തിൽനിന്നു വേർപെട്ടു. റാവുബഹദൂറിൻെറ മാളികയിലെ ചുമരുകളെ അലങ്കരിച്ചിരുന്ന ദിനകരറാവുവിൻെറ ചിത്രങ്ങൾക്കു സ്ഥലമാററം കൊടുക്കപ്പെട്ടു. ദിനകരറാവുവിൻെറ നാമം പോലും റാവുബഹദൂറിനു് അസഹ്യമായിത്തീൎന്നു.

ശാന്ത ഒഴിവുകാലങ്ങളിൽ ഒരിക്കൽ വിലാസപുരിയിൽ വന്നപ്പോൾ ഞാനവളോടു ചോദിച്ചു: "എന്താണിതു്, ശാന്തേ? നീ ഇങ്ങിനേയാണോ വേണ്ടതു്? ദിനകരറാവുവിനോടു് പെരുമാറേണ്ട രീതി ഇതാണോ? നീ പറഞ്ഞില്ലേ അദ്ദേഹത്തെ ഗാഢമായി സ്നേഹിക്കുന്നുണ്ടെന്നു്."

"ഇല്ല വേണു, ഞാനദ്ദേഹത്തെ അത്ര സ്നേഹിക്കയുണ്ടായിട്ടില്ല." ശാന്തയുടെ മറുപടി ഇതായിരുന്നു. "അദ്ദേഹം അങ്ങിനെ പറഞ്ഞു. ഞാനും അങ്ങിനെ ഒക്കെത്തന്നേയാണു് വിചാരിച്ചതു്. എന്നാൽ ഇപ്പോൾ ഈ വക സംഗതികൾ സംസാരിക്കുന്നതിന്നുതന്നെ എനിക്കിഷ്ടമില്ല."

അതിന്നു ശേഷം എനിക്കു ദിനകരറാവുവിൻെറ യാതൊരു വൎത്തമാനവും ഉണ്ടായിരുന്നില്ല. ആറുമാസത്തിന്നു ശേഷം ശാന്ത ഐ. എം. എസ്സ്. കാരനായ ഡോക്ടർ ഓക്കു് എന്നാളെ വിവാഹം ചെയ്തു. റാവുബഹദൂർ ഒരു വലിയ ആളാണു്. അപ്പോൾ അയാൾക്കു് ഒരു ഐ. എം. എസ്സ്. കാരൻ ജാമാതാവാകണം. ഡോക്ടർ ഓക്കു് 'ബാപ്പു സാഹിബു്' എന്നാണു് വിളിക്കപ്പെട്ടിരുന്നതു്. അയാൾ ഒരു വിദുരനായിരുന്നു. എന്നാലും ഐ. എം. എസ്. അല്ലേ?

എനിക്കു് വയസ്സിരുപതായി. ഇതേവരെ അച്ഛൻ എനിക്കൊരു ഭർത്താവിനെ തിരയുകയായിരുന്നു. ഒടുവിൽ അദ്ദേഹത്തിൻെറ ശ്രമം സഫലമായി. അമ്മ അത്യുത്സാഹത്തോടുകൂടി വിവാഹത്തിനു ശ്രമിച്ചു. വിവാഹത്തിന്നു ഞങ്ങൾക്കു വരൻെറ ഗൃഹത്തിൽ പോകേണ്ടതുണ്ടായിരുന്നു. ആറു കൊല്ലങ്ങളോളമായി എൻെറ വിവാഹം നടക്കാത്തതു കാരണം വരനാരാണെന്നുള്ളതു് അച്ഛൻ ഗോപ്യമായി വെച്ചു. ഒന്നുരണ്ടു പ്രാവശ്യം ഞാൻ വിചാരിച്ചു, അച്ഛനോടു ചോദിച്ചാലെന്താ എന്നു്, എയ്, അതു മര്യാദയല്ല. അച്ഛൻെറ ബുദ്ധിമുട്ടു കുറയും. അതു മതി എനിക്കു്.

വിവാഹദിവസം അടുത്തു. ഒരു ദിവസത്തെ വണ്ടിക്കു് ഞങ്ങൾക്കു സ്ഥലം വിട്ടു. ഞങ്ങൾക്കു സോണഗോണിൽ പോകണം. വിവാഹത്തിനു ഞങ്ങൾ നാലാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. എൻെറ വിവാഹത്തിനു് ഒരു തരത്തിലുമുള്ള ആഡംബരവും ആവശ്യമില്ല. അതു ഒരു ചുമതലയാണു്. അതു നിറവേററപ്പെടണം.

വൈകുന്നേരം ഞങ്ങൾ സോണഗോണിൽ എത്തി. ഇരുപതു വണ്ടികളോടുകൂടി ഗ്രാമാധികാരി സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. അധികം ആളുകളെ പ്രതീക്ഷിച്ചിരുന്ന അദ്ദേഹം കുറച്ചു ആളുകളെമാത്രം കണ്ടപ്പോൾ നിരാശപ്പെട്ടു. അദ്ദേഹത്തിൻെറ കൂടെ വന്നിരുന്ന ഗ്രാമവാസികൾ ഞങ്ങളെ സന്തോഷിപ്പിക്കുവാൻ ശ്രമിച്ചു. അവരുടെ സഹോദരഭാര്യയല്ലേ ഞാൻ? "അമ്മാമാ, ഞാനൊന്നു പറയട്ടെ". അദ്ദേഹം പറയാൻ തുടങ്ങി: "നമ്മുടെ ദിനകരറാവു ഭാഗ്യവാൻതന്നെ". അദ്ദേഹം പിന്നേയും പറയാൻ ഭാവിച്ചു. എന്നാൽ അച്ഛൻ തടഞ്ഞു. ദിനകരറാവുവോ? ഏതു ദിനകരറാവു. ആ ദിനകരറാവുവാണെങ്കിൽ ഞാനെത്ര ഭാഗ്യവതിയാകുമായിരുന്നു. ഈ വിചാരങ്ങൾ എൻെറ മനസ്സിൽ തിരതല്ലി. ഒടുവിൽ എൻെറ വിവാഹവും കഴിഞ്ഞു. ഞാൻ കുട്ടിയല്ലല്ലോ. എന്തിനാണിത്ര പരിഭ്രമിക്കുന്നതു്? എന്നാലും എനിക്കു് എൻെറ ഭർത്താവിൻെറ മുഖത്തു നോക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ ഒരുവിധം ബുദ്ധിമുട്ടി നോക്കിയപ്പോൾ കണ്ടതു്. ഹാ അതെ- അതു് ശാന്തവിവാഹം ചെയ്യാനാഗ്രഹിച്ച ആ ദിനകരറാവുതന്നെ. എന്നാൽ കഷ്ടം! അദ്ദേഹത്തിനു കണ്ണുണ്ടായിരുന്നില്ല. എനിക്കദ്ദേഹത്തെ വിവാഹം ചെയ്യാൻ സന്തോഷമുണ്ടായിരുന്നു. അദ്ദേഹം അന്ധനായതുകൊണ്ടു വ്യസനവുമുണ്ടായിരുന്നു. വിവാഹാനന്ത

രം അച്ഛനമ്മമാർ മടങ്ങിപ്പോയി. ഭൎത്താവ് എന്നോടു വൎത്തമാനങ്ങളെല്ലാം പറഞ്ഞു. ഐ. സി. എസ്സിനു പോകാഞ്ഞിട്ടു് അമ്മാമൻ മുഷിയുകയും സ്വത്തെല്ലാം ഒരകന്ന ബന്ധുവിനു് കൊടുക്കുകയും ചെയ്തു. പിന്നീടു് അദ്ദേഹം ഗ്രാമോദ്ധാരണത്തിനു തുനിഞ്ഞു. അദ്ദേഹം ഗ്രാമത്തിലെ കുട്ടികളെ പഠിപ്പിച്ചു. അജ്ഞന്മാരായ ഗ്രാമവാസികൾക്കു ആധുനിക കൃഷിസമ്പ്രദായങ്ങളേയും ശുചീകരണഗുണങ്ങളേയും പറഞ്ഞു കൊടുത്തു. ആ ഗ്രാമത്തിൽ അദ്ദേഹത്തിനു വളരെ ജനസ്വാധീനമുണ്ടായിരുന്നു. ഒരു ദിവസം ഒരു വലിയ അഗ്നിബാധ ഉണ്ടാവുകയും ഒരു കുടിൽ കത്തുകയും ചെയ്തു. മൂന്നു വയസ്സായ ഒരു കുട്ടി അകത്തുറങ്ങിക്കിടന്നിരുന്നു. ആ കുട്ടിയെ രക്ഷിക്കാൻ ആൎക്കും ധൈൎയ്യമുണ്ടായിരുന്നില്ല. എന്റെ ഭൎത്താവ് കത്തുന്നവീട്ടിനു് അകത്തു കടന്നു പലേ ഭാഗങ്ങളും വല്ലാതെ പൊള്ളി കുട്ടിയെ രക്ഷിക്കുവാൻ വേണ്ടി തന്റെ കണ്ണിനെ അദ്ദേഹം കളഞ്ഞു. ജീവഹാനി വരാഞ്ഞതു് തന്നെ ഭാഗ്യം.

അദ്ദേഹം തന്റെ ജീവിതം ഗ്രാമോദ്ധാരണത്തിന്നാണു് അൎപ്പിച്ചിരുന്നതു്. അതുകൊണ്ടു വിവാഹം ചെയ്യാൻ കഴിഞ്ഞില്ല. വിവാഹം ഒരു ഭാരവും ചിലവുമല്ലേ ? അന്ധനായപ്പോൾ അദ്ദേഹത്തിനു പരാശ്രയം കൂടാതെ നിവൃത്തിയില്ലെന്നായി. സോണഗോൺ നിവാസികൾ അദ്ദേഹത്തെ വിവാഹത്തിനു നിൎബ്ബന്ധിച്ചു. എന്റെ ഭൎത്താവിനും തോന്നി തന്നെ സ്നേഹിക്കുവാനും സഹായിക്കുവാനും ഒരാൾ വേണമെന്നു്. അദ്ദേഹത്തിനെന്നെ ഓൎമ്മവന്നു. അച്ഛനെഴുതി. അച്ഛനും ഒരു ജാമാതാവിനെ ആവശ്യമുണ്ടായിരുന്നു. അദ്ദേഹവും വേഗം സമ്മതിച്ചു.

"നോക്കൂ, വേണു, ഞാൻ നിന്നെ ചതിക്കേണമെന്നു് ഉദ്ദേശിച്ചിട്ടില്ല. ഞാൻ അന്ധനാണെന്നു നിന്റെ അച്ഛൻ പറഞ്ഞില്ലേ ?" എന്റെ ഭൎത്താവ് ചോദിച്ചു.

"ഇല്ല. അദ്ദേഹം എന്നോടൊന്നും പറഞ്ഞില്ല. എന്റെ അച്ഛന്റെ മറുപടി എന്തായിരുന്നു ? ഞാൻ ചോദിച്ചു." "അദ്ദേഹം എനിക്കെഴുതി നിനക്കു വളരെ സമ്മതമാണെന്നു്. എന്നാൽ വേണു, തുറന്നു പറയൂ എന്നെ വിവാഹം ചെയ്തുകൊണ്ടു നിന്റെ ജന്മം പാഴായില്ല എന്നുതന്നെയാണോ നീ വിചാരിക്കുന്നതു് ?

"ഒരിക്കലും ഇല്ല." ഞാൻ മറുപടി പറഞ്ഞു. "അങ്ങയുടെ ഭാൎയ്യയായതുകൊണ്ടു് എനിക്കഭിമാനമാണു്. അങ്ങു് ലോകശുശ്രൂഷയ്ക്കു

മൂതിന്നും. അന്ധനുമായി. എല്ലാ ജോലികളിലും ഞാനൊരു സഹായിയായിരിക്കുമെന്നു നല്ലവണ്ണം വിശ്വസിച്ചുകൊള്ളു." എന്റെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു. "എന്നാൽ അങ്ങ് എന്നെ സ്നേഹിക്കുന്നുണ്ടോ?" ഞാൻ നേരമ്പോക്കിൽ ചോദിച്ചു. "ഞാനൊരു വിവരമില്ലാത്തവളും വിരൂപയുമല്ലേ? ഇത്തരത്തിലുള്ള ഒരു ഭാര്യയെ അങ്ങ് അനുഗ്രഹിക്കുന്നുവോ?

"നിന്നെപ്പോലെ ഒരു പെൺകുട്ടി സ്വന്തമനസ്സാലെ ഒരന്ധനെ വിവാഹം കഴിക്കയും ഗാഢമായി സ്നേഹിക്കയും ചെയ്യുമ്പോൾ അന്ധനായ ഞാൻ നിന്നെ സ്നേഹിക്കാതിരിക്കുമോ?" ഇതായിരുന്നു എന്റെ ഭർത്താവിന്റെ മറുപടി.

ഞങ്ങൾ ഇതുപോലെ പലപ്പോഴും നേരമ്പോക്കു പറയാറുണ്ട്. പകൽ മുഴുവനും ഞാൻ ഗ്രാമത്തിലെ കുട്ടികളെ പഠിപ്പിക്കും. രാത്രി ഭർത്താവിനെ വല്ലതും വായിച്ചു കേൾപ്പിക്കും. പിന്നെ അദ്ദേഹം സ്വന്തം ലേഖനങ്ങൾ പറഞ്ഞു തരും. അതു് എഴുതി എടുത്തു് അസ്സലെഴുതി ഞാൻ പ്രസ്സിലേക്കു അയക്കും. ലേഖനങ്ങൾ എഴുതി കുറച്ചു മാത്രം അദ്ദേഹം സമ്പാദിച്ചിരുന്നു. അജ്ഞരായ ഗ്രാമവാസികൾ അദ്ദേഹത്തെ ധാരാളം സ്നേഹിച്ചുവന്നു. അവർ അദ്ദേഹത്തോട് ഒരു സഹോദരനോടെന്ന പോലെ അഭിപ്രായം ചോദിച്ചുകൊണ്ടിരുന്നു. ഒരു സ്വദേശിഷാപ്പും ഒരു പരസ്പരസഹായസംഘവും അദ്ദേഹത്തിന്റെ സ്വന്ത പരിശ്രമത്താൽ ഉണ്ടായിട്ടുണ്ട്. ഗ്രാമവാസികൾക്കു വേണ്ടി ഒരു വായനശാലയും അദ്ദേഹം തുടങ്ങീട്ടുണ്ട്. ഞങ്ങളുടെ കയ്യിൽ പണമില്ല. ഞങ്ങൾ സാധുക്കളാകുന്നു. പണവും സുഖവും ഒന്നാണെങ്കിൽ ഞങ്ങൾ പണക്കാരാണ്. എനിക്കു് വേറെയൊന്നും ആവശ്യമില്ല. അന്ധനായ ഭർത്താവിനെ സ്നേഹിക്കണം. പ്രേമം തന്നെ അന്ധമല്ലേ?

# യൗവനത്തിന്റെ മാധുൎയ്യം!

—ടി. പി. പരമേശ്വരയ്യർ.

മനുഷ്യജീവിതത്തിലെ പ്രധാന ലക്ഷ്യമേതു്? അനവധി ചിന്തകന്മാരുടെ നിഷ്കൃഷ്ടാലോചനക്കു വിഷയമായതാണ് ഈ പ്രശ്നം. അതു ലോകത്തിന്റെ ആദികാലം മുതല്ക്കുതന്നെ മനുഷ്യരെ വിഷമിപ്പിച്ചുകൊണ്ടിരുന്നതാനും.

ഒരു കാലത്തു മനുഷ്യന്നു സൎവ്വോപരി അത്ഭുതകരമായ ഒരു വസ്തു ഉണ്ടായിരുന്നു. മനുഷ്യൻ, മനുഷ്യജീവിതം! വിശാലമായ അന്തരീക്ഷത്തിൽ ഏതോ ഒരു ശക്തിക്കു വിധേയമായി ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്ന ലക്ഷോപലക്ഷം ഗോളങ്ങളിൽ എത്രയും തുച്ഛകോടിയിൽ ഗണിക്കപ്പെടേണ്ടുന്ന ഭൂമിയുടെ ഒരു മൂലയ്ക്കൽനിന്നുകൊണ്ടു് അവൻ ബ്രഹ്മാണ്ഡമാസകലം തന്റെ കൈക്കുള്ളിൽ പെടുത്താൻ മുതിരുന്നു! അതേ അവന്റെ ജീവിതം അത്ഭുതകരം തന്നെ!

അപ്പോൾ മുതല്ക്കുതന്നെ അവൻ മനുഷ്യജീവിതത്തെപ്പറ്റി ഗവേഷണങ്ങൾ നടത്തി. ഓരോ ഗവേഷകനും ചെന്നതു ഭിന്നഭിന്നപഥത്തിലൂടെയായിരുന്നു. എന്നാൽ ഓരോരുത്തനും അതിൎത്തിയിൽ ചെന്നു നിശ്ചയിച്ചു. "ഈ അതിൎത്തിക്കപ്പുറത്തു ദുഗ്ഗതിതമായ ഒരു ശക്തി വൎത്തിക്കുന്നു" എന്ന്" ആ ശാശ്വതമായ സത്യത്തിന്റെ, ആ അദ്വിതീയശക്തിയുടെ ഒരു ലീലയാണ് മനുഷ്യജീവിതം എന്നവൻ തീൎച്ചയാക്കി.

അവന്റെ പിന്നത്തെ ശ്രമം ആ ലീലയിൽ അന്തൎല്ലീനമായ ഉദ്ദേശ്യത്തെ ആരാഞ്ഞുപിടിക്കുന്നതിലായിരുന്നു. അവനതിലല്പം വിജയം പ്രാപിക്കുകയും ചെയ്തു. ഊഴമിട്ടെന്ന പോലെ ലോകത്തിനു ചൈതന്യവും ആനന്ദവും നൽകിവരുന്ന സൂൎയ്യചന്ദ്രന്മാർ, ഗ്രീഷ്മവൎഷങ്ങൾ എന്നുവേണ്ട പ്രപഞ്ചത്തിലെ പരമാണു മുതൽ പൎവ്വതം വരെയുള്ള സകല പദാൎത്ഥങ്ങളും അവന്നു് ആ ലീലയുടെ പ്രധാനോദ്ദേശ്യത്തെ പ്രസ്പഷ്ടീകരിച്ചുകൊടുത്തു. സ്നേഹമാണ് അതിന്റെ ആന്തരോദ്ദേശ്യമെന്നവൻ മനസ്സിലാക്കി. അതിന്നു് ഉദ്ദേശ്യാന്തരമില്ല. അതിന്റെ പൎയ്യവസിതി അതിൽ തന്നെ.

ഇങ്ങിനെ സ്നേഹാവിഷ്കരണാത്മകമായ മനുഷ്യജീവിതത്തിലെ പ്രധാന ലക്ഷ്യമേതു്?

ബാല്യം! അതിനെ കവികൾ മനുഷ്യജീവിതത്തിലെ മനോഹര ഘട്ടമായി ചിത്രീകരിച്ചിരിക്കുന്നു. അതേ വാസ്തവം തന്നെ. ജീവിതത്തിലെ ആ മനോഹരഘട്ടത്തെക്കുറിച്ചു വിപരീതാഭിപ്രായത്തിന്നു വഴിയില്ല. എന്നാൽ മററു ഘട്ടങ്ങളെ അപേക്ഷിച്ചു അതിന്നു പ്രാധാന്യം ഉണ്ടോ? "ഇവിടെ അല്പമൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

മനുഷ്യൻെറ ജീവിതം ഒരായോധനമാണെങ്കിൽ, അവനതിലെയ്ക്കൊരുങ്ങുന്നതു്, അതിലേയ്ക്കുവൻ ശസ്ത്രസംഭാരം ചെയ്യുന്നതു്, ബാല്യദശയിലാണ്. അവൻെറ വിജയാപജയങ്ങൾ അക്കാലത്തെ ഒരുക്കുട്ടലിന്നനുസരിച്ചിരിക്കും. ബാല്യദശയിലെ സ്വഭാവരൂപീകരണമാണ് അവൻെറ ഭാവിസൌഖ്യത്തെ നിയന്ത്രിക്കുന്നതു്. "വിളവിൻെറ ഫലം മുളയിലറിയാം" എന്ന പ്രസിദ്ധമായ ആപ്തവാക്യം മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം എത്രയോ സാരവത്താണ്. പിന്നെ നിഷ്ക്കന്മഷമായ ബാല്യത്തിന്നു മനുഷ്യൻെറ ജീവിതഘട്ടങ്ങളിൽ വെച്ചു് ഏററവും പ്രാധാന്യം എന്തുകൊണ്ടു കല്പിച്ചുകൂട എന്നൊരു ചോദ്യത്തിന്നിവിടെ പ്രസക്തിയുണ്ടു. ഇതിൻെറ സമാധാനം രണ്ടു വാചകത്തിലടക്കിക്കളയാം. സൃഷ്ടിയുടെ പ്രധാനോദ്ദേശ്യം സ്നേഹാവിഷ്കരണമാണെന്നു പറഞ്ഞുവല്ലോ. അതിന്നെത്രത്തോളം പരിസ്ഫൂർത്തി ബാല്യത്തിൽ വരുന്നുവെന്നു നോക്കുക. കേവലം അതിൻെറ അഭാവം മാത്രമാണു കാണപ്പെടുക. ഭാവനാലോകത്തിൽ സ്വപ്നം കാണുന്ന കവിക്കോ തപചിന്തകന്നോ ബാല്യകാലത്തിലെ സുന്ദരസ്മരണകൾ മാനസികാമോദം നൽകുമായിരിക്കാം. ആ ഘട്ടത്തിലെ നിഷ്കാപട്യം, നിശ്ചിന്തത മുതലായവ അവനെ ആനന്ദാംബുധിയിലാറാടിക്കുമായിരിക്കാം. പക്ഷേ അതുകൊണ്ടു പ്രയോജനമെന്തു്? പ്രാധാന്യത്തിൻെറ മാനദണ്ഡം കേവലം ആനന്ദപ്രധാനയോഗ്യതയല്ല. ഉപയോഗിതയും കൂടിയുൾപ്പെടണം. കണ്ണഞ്ചിരട്ടകൾകൊണ്ടു കളിക്കുന്ന ബാലൻ, ലോകത്തിനെ ഇളക്കിമറിക്കുന്ന യുവാവിൻെറ മുമ്പിൽ അപ്രധാനനായിത്തീരുന്നു! കളി കെട്ടടങ്ങുന്നു! ബാല്യമല്ല ജീവിതത്തിലെ പ്രധാന ഘട്ടം.

യൌവനം! ഉത്സാഹത്തിൻെറ, ശക്തിയുടെ, പ്രബുദ്ധതയുടെ അപരപര്യായമാണതു്. ബാല്യം തളിരാണ്, വാർദ്ധക്യം ഉണക്കിലയും. എന്നാൽ യൌവനം ഹരിതപ്രഭ വീശുന്ന പച്ചിലയാണ്. മനുഷ്യജീവിതം യൌവനത്തിൽ പരിപൂർണ്ണത നേടുന്നു. പ്രപഞ്ചം യുവാവിൻെറ നേർക്കു് ഉന്മുഖമായി നോക്കി നില്ക്കുന്നു- സ്വച്ഛമായിത്തീരാൻ! അവൻെറ സ്നേഹാതപത്രം വാട്ടത്തിയ തണലിൽ വിശ്രമം കൊള്ളുവാൻ!!

തത്വചിന്തകൻ ഉച്ചൈസ്തരം ഘോഷിക്കുമായിരിക്കാം. യൌവ്വനം ചാപല്യത്തിന്റെ സങ്കേതമാണെന്ന്-ഉച്ഛ്രംഖലതയുടെ വിളഭൂമിയാണെന്ന്, അതു സർവ്വാബദ്ധം. ആ ചാപല്യത്തിൽ, ആ ഉച്ഛ്രംഖലതയിൽ ഉണ്ട് ഒരു നിശ്ചഞ്ചലത! ഒരു സാവധാനത! അവയ്ക്കു പിന്നിൽ നിലകൊള്ളുന്നു- സ്നേഹം! സ്നേഹാമൃതധാരി യുവാവിൽകൂടി നാനാമുഖമായി പ്രവഹിക്കുന്നു.

മനുഷ്യജീവിതത്തിലെ പ്രധാനഘട്ടം കൊഞ്ചുന്ന ബാല്യമല്ല; വിറപൂണ്ട വാർദ്ധക്യമല്ല; ബലിഷ്ഠമായ യൌവനമാണ്! ഈശ്വരൻ പ്രപഞ്ചത്തെ യുവാവിന്റെ കയ്യിൽ ഭരമേല്പിച്ചിരിക്കുന്നു- അതു് അതായിത്തീരാൻ! മനുഷ്യൻ മനുഷ്യനായിത്തീരാൻ!! "വാർദ്ധകമൊട്ടല്ലാദ്ധ്യസ്ഥിതം യൌവ്വനം" എന്നു പറഞ്ഞു അതിനെ പുച്ഛിക്കരുതു്. ആ ആദ്ധ്യസ്ഥിതം പ്രപഞ്ചത്തെ കീഴടക്കി ഭരിക്കുന്നു!!!

ജീവിതത്തിലെ ഏതാദൃശമായ പ്രധാന ഘട്ടത്തെ എങ്ങിനെ നയിക്കണം?

അനാദ്യന്തമായ ചിച്ഛക്തി അവനെ ഭരമേല്പിച്ചിരിക്കുന്നതു ദുഷ്കരമായ ഒരു കാര്യമാണ്. അവനതിന്നു ശക്തനാവണം, അർഹനാവണം. അവന്നു് അപഹാസങ്ങളോടു മല്ലിടേണ്ടതുണ്ട്, അശക്തിയെ വെല്ലുവിളിക്കേണ്ടതുണ്ട്. പ്രപഞ്ചഭവനം വിളക്കിത്താൻ, പ്രപഞ്ചത്തെ ഒരു തുഴഞ്ഞുകൊണ്ടു പോകാൻ! പ്രതിബന്ധകങ്ങളോട് അവൻ ധീരധീരം പൊരുതണം.

യൌവ്വനത്തിന്നു രണ്ടു മുഖമുണ്ട്. ആഭ്യന്തരമെന്നും ബാഹ്യമെന്നും. തന്റെ ആഭ്യന്തരജീവിതത്തിൽ ഒരു യുവാവ് വിചാരസാമ്രാജ്യം മുഴുവനും അടക്കിഭരിക്കുന്നു. ബാഹ്യജീവിതത്തിൽ ബാഹ്യപ്രപഞ്ചമാസകലവും!

സ്നേഹത്തിന്റെ പീയൂഷപ്രവാഹം ഉലകെങ്ങും വ്യാപിപ്പിക്കുന്നതാണല്ലോ അവന്റെ ജീവിതോദ്ദേശ്യം. അതിന്നവൻ പ്രായോഗികത നൽകുന്നതു ബാഹ്യജീവിതത്തിൽ! ഒരുക്കുന്നതു് ആഭ്യന്തരജീവിതത്തിൽ!

അവന്റെ ആഭ്യന്തരജീവിതത്തിനെപ്പററി ഒന്നു വിചിന്തനം ചെയ്യാം. ഒരു വ്യക്തി ബാല്യത്തിൽനിന്നു യൌവ്വനത്തിലേക്കു കാൽ കുത്തുമ്പോൾ അവന്റെ മനസ്സിൽ അഭിലാഷങ്ങൾ മൊട്ടിടുന്നു; ആശകൾ വികസിക്കുന്നു; ഉത്സാഹം ഫലിക്കുന്നു. അവൻ ലോകത്തിലെങ്ങും

നവ്യതയുടെ ഒരു പരിപൂൎണ്ണപ്രകാശം കാണുന്നു. താൻ ജീവനോടെ സ്വൎഗ്ഗത്തിലേയ്ക്കുയരുന്നതായി അവനനുഭവപ്പെടുകയും ചെയ്യുന്നു.

അന്നവന്റെ മനസ്സ് ചഞ്ചലമാണ്! അല്പം മാത്രമുള്ള അനവധാനത അവനെ അധഃപതിപ്പിക്കാൻ പൎയ്യാപ്തമായിത്തീൎന്നേക്കും. അവനിൽനിന്നു പലതും ആശിച്ചിരുന്ന പ്രപഞ്ചത്തിന്നു ഭഗ്നാശമായിത്തീരേണ്ടിയും വന്നേക്കും. അതേ, പ്രപഞ്ചത്തെ ആവരണം ചെയ്യുന്ന മായയുടെ വ്യാജേന്ദ്രജാലം അവനെ വ്യാമോഹിപ്പിച്ചേക്കും. അവനെ ഇട്ടു പാവ കളിപ്പിച്ചേക്കും. അവൻ അതിനോടു സധൈൎയ്യം പടവെട്ടണം. എന്നാലേ അവന്ന് ഉന്നതി ലഭിക്കുകയുള്ളു. തന്റെ ധൎമ്മം നിറവേററാനുള്ള മെയ്ക്കരുത്തും മനക്കരുത്തും കൈവരുകയുള്ളു.

ഒരു ദൃഢമായ സംസ്കാരം അവന്റെ മനസ്സിന്നു ലഭിക്കണം. അതിൽ ബാല്യത്തിലെ നിഷ്ക്കാപട്യവും വാൎദ്ധക്യത്തിലെ വിവേകവും പ്രസ്ഫുടമാകണം. ഈ പ്രാരംഭസംരംഭങ്ങൾക്കു ശേഷം അവന്നു ബാഹ്യജീവിതത്തിൽ പ്രവേശിക്കാം. തന്റെ കൎത്തവ്യം നിറവേററിത്തുടങ്ങാം.

സഹജീവിസേവനം. യുവാവസ്ഥയെന്തിന്നു മനുഷ്യന്നു പ്രകൃതി കല്പിച്ചു കൊടുത്തിരിക്കുന്നു? ഭോഗത്തിന്നോ? ആനന്ദത്തിനോ? അല്ല ഒരിക്കലുമല്ല.

അതിൽനിന്നും ഉപരിയായി, സൎവ്വത്തിൽനിന്നും ഉപരിയായി ഒരു മഹൽകാൎയ്യം അതു് അവനിൽനിന്നും അഭിവീക്ഷിക്കുന്നു- സേവനം! സമസ്താഗമങ്ങളുടെ സാരമതാണ്. മനുഷ്യജീവിതത്തിന്റെ പരിപൂൎത്തിക്കുള്ള ഏകമാൎഗ്ഗമതാണ്. അതു തന്നെ ഈശ്വരഭക്തി! അതു തന്നെ ത്യാഗം! അതു തന്നെ യജ്ഞം!!

ഈശ്വരൻ പ്രപഞ്ചത്തിൽ നാനാത്വത്തെ സൃഷ്ടിച്ചു മനുഷ്യനെക്കൊണ്ടു് അതിൽ ഏകത്വത്തെ ദൎശിപ്പിക്കുവാൻ അപൂൎണ്ണതയെ സൃഷ്ടിച്ചു മനുഷ്യനെക്കൊണ്ടതു നികത്തിക്കുവാൻ! ദ്വേഷത്തെ- സ്നേഹാമൃതം കൊണ്ടു് അതിനെ ദൂരീകരിപ്പിക്കുവാൻ! അജ്ഞാനത്തെ- ജ്ഞാനത്താൽ ലോകമാസകലം വിളക്കിക്കുവാൻ!

മനുഷ്യൻ ഇതരസേവനം ഏതുവിധത്തിൽ നടത്തണം!

ഒരു യുവാവിന്റെ കൎത്തവ്യക്ഷേത്രം അതിവിപുലമാണ്. കൎത്തവ്യകൎമ്മങ്ങൾ നാനാമുഖങ്ങളുമാണ്. അവയ്ക്കെല്ലാം അവൻ സമപ്രാധാന്യം നൽകണം.

അവൻെറ പരമലക്ഷ്യം ലോകത്തിൻെറ ഒരു കുടുംബം സ്ഥാപിക്കുന്നതാണ്. അതിന്നനുഗുണമായിരിക്കണം ഇതരകർമ്മങ്ങൾ സകലതും. അതെങ്ങിനെ അവൻ സാധിക്കും? സംഘടനാബലത്താൽ!

അവൻെറ കർത്തവ്യക്ഷേത്രം സ്വഭവനം, സ്വഗ്രാമം, സ്വദേശം, സ്വരാജ്യം, വിശ്വമാത്രം എന്നിങ്ങിനെ ക്രമത്തിൽ വിപുലമായിത്തീരുന്നു. സംസ്കാരസമ്പന്നനായ ഓരോ യുവാവും തൻെറ മഹനീയമായ ആദർശത്തിൻെറ ഉന്നത സോപാനത്തിലേക്കു സ്വഭവനത്തെ ഉയർത്തിക്കൊണ്ടുവരുന്നു. ആ യുവാക്കളുടെ സംഘടനാബലത്താൽ ആ ഗ്രാമവും, വിഭിന്നഗ്രാമങ്ങളുടെ ഉന്നതിയോടുകൂടി ആ ദേശവും, വിഭിന്നദേശങ്ങളുടെ ഉന്നതിയോടുകൂടി ആ രാജ്യവും ഉന്നമിതമാകുന്നു. വിഭിന്നരാജ്യങ്ങളുടെ ഉന്നമനത്തോടുകൂടി പ്രപഞ്ചം സ്വർഗ്ഗമായിത്തീരും. അതാണ് അവൻെറ പ്രവൃത്തിക്ഷേത്രത്തിന്നുള്ള സീമ. അതിന്നു ശേഷം അവൻ ചെയ്യേണ്ടതായി യാതൊന്നുമില്ല. ഈശ്വരൻെറ മംഗളികനിയമം അതിന്നുശേഷം രൂപീകരിച്ചുകൊള്ളും.

അവൻെറ നിഘണ്ടുവിൽ 'സങ്കുചിതത്വം' 'തൊഴുത്തിൽ കുത്ത്' എന്ന പദങ്ങൾക്ക് അജ്ഞാനഭൂതത്തിൻെറ ചിന്നൻവിളി എന്നാണർത്ഥം. സകല ഭിത്തികളേയും അവൻ തട്ടിനീക്കി സമനിരപ്പാക്കുന്നു. സ്നേഹപൂർവ്വകമായ പരസ്പരാശ്ലേഷത്തിൽ അവൻ ഈശ്വരചൈതന്യത്തെ സാക്ഷാൽക്കരിക്കുന്നു. സംഘടിതമായ യുവശക്തിക്ക് അശക്യമായി യാതൊന്നുമില്ല.

ലോകചരിത്രത്തിൻെറ അന്ധകാരമയമായ പഴയ ഏടുകൾ മറിച്ചു നോക്കുക. അവയിൽ കാണാം — സാമ്രാജ്യദുർമ്മോഹത്തിൻെറ നഗ്നനർത്തനം! സ്വാർത്ഥത്തിൻെറ സ്വാച്ഛന്ദ്യം! ശക്തിയുടെ ദുഷ്പ്രഭുത്വം! അവയുടെ കട പുഴക്കിക്കളയുന്നതിന്നാണു യുവശക്തിയുടെ അവതാരം!

അന്നു മനുഷ്യൻെറ ജീവിതപരിധി തുലോം സങ്കുചിതമായിരുന്നു. ഒരു മനുഷ്യൻ ജനിക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും ഒരു നാട്ടിൽ തന്നെ. അന്യനാട്ടിൽ അവൻ കാലുകുത്തിയിരുന്നില്ല. അവിടുത്തെ സ്ഥിതി അവൻ അന്വേഷിച്ചിരുന്നില്ല. അവിടെ ഭൂകമ്പമോ പ്രളയംതന്നെയോ നടന്നിരുന്നാൽ പോലും അവനതറിഞ്ഞിരുന്നില്ല.

എന്നാൽ ഇന്നു നാനാദേശങ്ങളുടെ ബന്ധം പ്രകടീകൃതമായ്ക്കഴിഞ്ഞു. ഒന്നു നശിച്ചാൽ മററതും അതിനെത്തുടർന്നു നശിക്കുകയായി.

അത്രയ്ക്കുണ്ടു് അവയുടെ പരസ്പരാശ്രയത്വം. അതിൽനിന്നുതന്നെ ഒരു പ്രപഞ്ചകുടുംബകം സ്ഥാപിക്കുന്നതിനുള്ള ആവശ്യകത വ്യക്തമാകുമല്ലോ. അതിന്നാണ് യുവസംഘങ്ങൾ. ഇന്നവ പാശ്ചാത്യപൌരസ്ത്യരാജ്യങ്ങളിൽ ഒരുപോലെ പ്രചരിച്ചുവരുന്നു. അവരിന്നു കണ്ണുതുറന്നു കഴിഞ്ഞു.

നമുക്കീപ്രസ്ഥാനത്തെ പ്രായോഗിക വീക്ഷണകോണത്തിൽകൂടി പരിശോധിക്കുക.

ഒരു യുവാവിന്റെ പൊതുജീവിതം യഥാർത്ഥത്തിൽ ആരംഭിക്കുന്നതു്, അവൻ വിദ്യാഭ്യാസം ചെയ്തുകഴിഞ്ഞു ജീവിതരണാങ്കണത്തിൽ പ്രവേശിക്കുമ്പോളാണ്. അതുവരെ അവനു ലോകം അപരിചിതമായിരുന്നു. അവൻ കൂട്ടിലിട്ട കിളിയെപ്പോലെ ക്ലാസ്സുമുറികളിൽ പരുങ്ങി നില്ക്കാൻ നിർബ്ബന്ധനായിരുന്നു.

വിദ്യാലയജീവിതത്തിൽ അവൻ വേണ്ടുന്ന കരുക്കൾ സംഭരിച്ചില്ലെങ്കിൽ അവന്റെ തോൽവി നിശ്ചിതമാണ്. ഇവിടെ ഇന്നത്തെ വിദ്യാലയജീവിതത്തേപ്പററി അല്പം പരാമർശിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ വിദ്യാഭ്യാസം ഒരു വിലക്ഷണരീതിയേയാണ് അവലംബിച്ചിരിക്കുന്നതു്. അതു സാഹിത്യികവുമല്ല; സാങ്കേതികവുമല്ല. അതു കാരണം വിദ്യാലയത്തിൽനിന്നു ബഹിർഗ്ഗമിക്കുന്ന യുവാക്കൾ വെറും "വേതനഇരതികൾ" ആയി കലാശിക്കുന്നു. അവർ കായികാദ്ധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കുന്നില്ല. പൊതുജീവിതത്തിലാണ് യൌവ്വനത്തിന്റെ മാധുര്യം. ഒരു വ്യക്തമായ ആദർശബോധമില്ലായ്കകൊണ്ടാണ് ഇന്നത്തെ ജനങ്ങൾ തൊഴിലില്ലായ്മയേയും കാലവൈപരീത്യത്തേയും വൃഥാ പഴിക്കുന്നതു്. ശാന്തമായിരുന്നു ആലോചിക്കുകയാണെങ്കിൽ ഇതേവനും വ്യക്തമാകുന്നതാണ്.

നമുക്കു്, നഷ്ടമായേക്കാവുന്ന യുവശക്തിയെ പുനരുജ്ജീവിപ്പിക്കുക. നമ്മളിൽ പ്രകൃതി ഭരമേല്പിച്ചിരിക്കുന്ന കൃത്യം നമ്മൾ നിറവേററുക. നമുക്കൊന്നു മനുഷ്യരാവുക, യുവാക്കളാവുക, "ക്ഷുദ്രം ഹൃദയദൌർബ്ബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ!" എന്നു നമുക്കോരോരുത്തക്കും ആത്മാവിനോടു സംബോധന ചെയ്യുക! ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാന്നിബോധത! ഇതു നമ്മുടെ ചെവിയിൽ പ്രതിദിനം വന്നലയ്ക്കട്ടെ

---

# കന്യാമറിയം.

— കെ. സി.

൧.

പിറന്നു പിന്നെയും പകലൊന്നുകൂടി;
ചിറകടിച്ചാർത്തു പറവകളപ്പോൾ;
ഇരവിൻ ഗർഭത്തിൽ പിറന്നൊരു ദിവാ-
കിശോരനാം ചോരക്കിടാവിനെ മെല്ലെ,
മുകർന്നെടുക്കുവാനണച്ചു പുൽകുവാൻ,
ഒതുങ്ങാപ്രേമത്തോടണച്ചു ചുംബിക്കാൻ
മുദിതദിക്കുകൾ കിടന്നു വെമ്പുന്നു.

൨.

പ്രഭാതജ്യോതിസ്സിൻനവാങ്കുരങ്ങളെൻ
വിഭാവനാലോകം തകർത്തു നിശ്ശേഷം;
ഒരത്ഭുതസ്വപ്നവിഭവസമ്പത്തിൻ
വരിഷ്ഠവൈഭവം നശിച്ചു കേവലം;
അശേഷലോകവുമഭൌമദീപ്തിയിൽ,
വിശേഷവർണ്ണത്തിൽ മുഴുകെയാറാടി;
വിമോഹനാകൃതിക്കൊഴുപ്പെഴും പ്രേമ-
പ്രമോദമാദകദ്രവമെന്നിൽ തൂകി
സുലാളിത്യലാവണ്യനിധാന,മെൻപുണ്യ
പരിപാകം, പ്രേമസ്വരൂപിണി ദേവി-
പരിശുദ്ധപ്രേമ സുധതൻ ലേശവും
പതിഞ്ഞിടാത്തോരെൻ വരണ്ട നെററിമേൽ
വിടർന്ന ചോരിവായ്മലരിനാൽ ചെറു
കൃപാകണികകൾ പൊഴിച്ചിരുന്നതേ.

* * *

ഇരവിനന്ത്യത്തിലിതായിരുന്നു മൽ-
സുഖദസ്വപ്നത്തിൻ രുചിര സുഗ്രഹം.

൩.

പകുതിയും തുറന്നിരുന്ന വാതിലിൻ-
പഴുതിലൂടെ രണ്ടരുണ രശ്മികൾ
അടഞ്ഞിരുന്നൊരെൻ മിഴികളിൽ രണ്ടു
വിടവുകൾ തീർത്തു, വെറുതെയെന്തിനോ?

*　　　*　　　*

മിഴിച്ച കൺവഴിക്കകത്തുടൻ കേറി
മുഴുക്കെയെൻ പരിസരങ്ങളപ്പൊഴേ.
അടുത്ത വീട്ടിൽനിന്നടികൊണ്ടു കൊച്ചു
കിടാത്തി കേഴുന്നു ഹൃദയഭേദിയായ്;
കഠോര ദുഃശ്രവസ്വനം വമിക്കുന്നു,
കരളിൽ കാകോളം തുളിക്കുന്നു, കാകൻ;
ഒതുക്കിവെച്ച മാലകത്തു നിൽക്കാതെൻ
ചെറുകുടിലിൽനിന്നുയരുന്നു ധൂമമായ്:
ഒരേടവുമില്ലെൻ കരളും കൺകളും
കുളിരേശാനുള്ള വഴികളൊന്നുമേ.

*　　　*　　　*

പതിച്ചിതെൻദൃഷ്ടിപഥത്തിലന്നേര-
മതിവിശുദ്ധമാമൊരുചെറുചിത്രം
മതിശുദ്ധിപ്രദം, മനോജ്ഞമാകുമി-
കൃതിരചിച്ചവൻ സുകൃതിനിശ്ചയം
അലമധികമീ തുലാവിഹീനമാം
കലാവിശേഷത്തിൽ കരൾകുളിക്കാതേ ഞാൻ
പയഃപയോധിയിൽ പതിക്കിലും ദൃഷ്ടി-
തിരിക്കുമായതിൽ ഗരളം കാണുവാൻ.

*　　　*　　　*

അലോകസൌന്ദര്യം തുളുമ്പുമമ്മയു-
മഭൌമജ്യോതിസ്സു തിളങ്ങും പുത്രനും-
കരത്തുതശാന്തി വിളങ്ങുമാച്ചിത്ര-
പടം നിരീക്ഷിച്ചു മരിപ്പതേ ഭാഗ്യം.

*　　　*　　　*

൪.

സമസ്തലോകവും പരിപൂതമാക്കി-
ത്തമസ്സുകററിയ വിശുദ്ധ പൂരുഷൻ;
അടിയങ്ങളെന്നും സമാൎജ്ജിച്ചുള്ളതാം
കൊടിയ പാപങ്ങൾ മുഴുവനേററവൻ;
സ്വകീയരക്തത്താലുലകിൻ പങ്കത്തെ
ക്കഴുകി നീക്കിയ കനിവിൻ നിൎഝരം-
അതെ, ശ്രീയേശുവായ് പുകഴ്ന്നപുണ്യസ-
ന്തതിയാണീമാതൃ കരതലങ്ങളിൽ
പരിലസിപ്പു—നിഷ്കളങ്കതയുടെ
പകൎപ്പു, പൊൻപൂവിൽ പുലന്ന സൌരഭം
ഇവണ്ണമാം പുണ്യപ്പൊലിമതയമ്മ-
ക്കുവണ്ണ പ്രമാനന്ദമണക്കുകയില്ലു?
അഭിമാനാൎദ്രമാക്കിടുകില്ലേതമ്മ-
ക്കുകതളി—രമ്മേ, നമസ്കരിപ്പു ഞാൻ.
ഒത്രുഴികാക്കവാൻ; പുരുഖിന്നാക്കവാൻ,
പിറന്ന പൈതലെ യണച്ചുമാറിടം
മഹിതഭാഗ്യത്തിൻ നിധാനമെങ്കിലു-
മറിഞ്ഞിരിക്കണെ മനല്പയാതന.
"ഒരുവാൾ നിന്നുടെ ഹൃദയത്തിലൂടെ
കടക്കു"മെന്നല്ലി പറഞ്ഞു ദൈവജ്ഞൻ
അലോക സൌഭഗത്തിടമ്പു്, ലോകത്തിൽ
പരിരക്ഷാകരൻ പിറന്നു ഭൂമിയിൽ.
നിനക്കുകാശ്ശിശു നിനക്കുമാത്രമ-
ല്ലഖിലൎക്കുമമ്മേ, കിടാവും ത്രാതാവും.
ഒരു ഗിരിയോളം പെരിയ ബാധ്യത;
ഒരു ജീവന്നു ദുൎവഹമാം സാധ്യത;
ഒരു മാതാവിന്നും ലഭിക്കാത്താനന്ദം;
ഒരു മാതാവിന്നും പൊറുക്കാഞ്ഞ ദുഃഖം_
ജഗത്സവിത്രിനിൻ ഗരിഷ്ഠമാം നേട്ട-
മിതൊക്കെയാണല്ലോ- പരമധന്യ നീ!

കരതളിർ വാരിയെടുക്ക, കാരുണ്യം
ചുരന്ന മാറിലാഞ്ഞണയ്ക്ക ഭാഗ്യത്തെ!
നിതാന്തശാന്തതാ നിധാനം മാതാവിൻ
വിഷാദസന്തപ്ത ഹൃദയമൊന്നു താൻ.

*　　　*　　　*

സ്മരിപ്പിപ്പൂ ദേവി, ഭവതിയെന്നെന്നും
മദൈകഭാഗ്യത്തിൻ വിധാത്രി ദേവിയെ,
മയിപ്രണയമാസ്സുമസമഗാത്രി
വെളിപ്പെടുത്തിയീച്ചാരുചിത്രത്തിനാൽ
സുതീവ്രമാം തപഃ ഫലം പ്രത്യക്ഷമായ്,
സമുചിതം! കന്യാമറിയം തൻമുന്നിൽ!

## : : ഗ്രന്ഥവിഹാരം : :

### കുടുംബിനി *

ഗ്രന്ഥകർത്രി: —എൻ. ബാലാമണി അമ്മ.

പഴങ്കഥകളെല്ലാം വെടിഞ്ഞ് സ്വയംകല്പിതസംഭവങ്ങളിലേയ്ക്കും, തദ്വാരാ മാനവജീവിതത്തിലേയ്ക്കും കൺപതിച്ച നവീനകവികൾ ഈയിടെ സ്വാനുഭവങ്ങളിൽമാത്രം കൃതാവധാനരായിരിക്കുന്നു. ഈ അഭിരുചിഭേദം എല്ലാംകൊണ്ടും അഭിനന്ദനീയംതന്നെ. അനുഭവത്തിന്റെ മധുനിഷേകത്താൽ കവിതയ്ക്കു വരുന്ന മധുരിമ എപ്പോഴും ഒന്നു വേറെയാണ്. കാണുവാനോ കേൾക്കുവാനോ ഇടയില്ലാത്ത കാര്യങ്ങളും അവയെ മോടി പിടിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരുതരം സങ്കേതജടിലങ്ങളായ ഭാവനകളും, ഇദാനീന്തനരായ വായനക്കാരെ പരമാർത്ഥത്തിൽ രസിപ്പിക്കയില്ല. ഈ വസ്തുതയുടെ ശരിയായ അവബോധമായിരിക്കണം നമ്മുടെ കവികളെ ഏറെക്കുറെ സ്വാനുഭവകഥനോൽകരാക്കിയതെന്നു തോന്നുന്നു. പത്തൊമ്പതാം ശതാബ്ദത്തിൽ ഇംഗ്ലീഷിൽ കർത്രഭിപ്രായവിലസിതങ്ങളായിറങ്ങിയ ഖണ്ഡകവിതകളിൽ മികച്ചവ, അവക്ക്, അഭിനവാദർശാനുവർത്തനത്തിനു പ്രചോദനമരുളിക്കൊണ്ടിരുന്നു. വംഗഭാഷയിൽ മഹാകവി ടാഗോർ എഴുതിയിട്ടുള്ള ഗാനതല്ലജങ്ങളാകട്ടെ തൽപ്രേരണം സർവ്വോപരി സ്വീകാര്യമെന്നു വരുത്തി. ഏതാദൃശങ്ങളായ ബഹിരന്തന്നിഃവേദനങ്ങളുടെ വിപക്വഫലങ്ങൾ ഇപ്പോൾ നമ്മുടെ ഭാഷയിൽ കുറെയുണ്ട്. ശ്രീമതി ബാലാമണിയമ്മയുടെ കൃതികൾ അക്കൂട്ടത്തിൽ അഗ്രിമസ്ഥാനാർഹങ്ങളാണ്. അവയുടെ സ്വാരസ്യം കേരളീയസഹൃദയലോകത്തെ പരമാനന്ദശൌണ്ഡമാക്കിക്കഴിഞ്ഞിരിക്കുന്നു.

'കുപ്പുകൈ'കൊണ്ടനുമതി വാങ്ങി, സാഹിതീലോകത്തേയ്ക്കിറങ്ങിയ 'ബാലാമണി'ക്ക്, 'അമ്മ'യായപ്പോഴുണ്ടായ വിഭിന്നാനുഭവങ്ങളും അവയിൽനിന്നുദിച്ച ഉദാരരമണീയങ്ങളായ പാദങ്ങളും അവർ ഉദ്ഗാനം ചെയ്തു കേട്ടപ്പോൾ പലരും കുറഞ്ഞൊന്നു വിസ്മയിക്കുകതന്നെ ചെയ്തു.

* വന്നേരി ബുക്ക് ഡിപ്പോ, വില 12 ണ.

അവരുടെ സംഗീതധോരണിയിൽനിന്നുത്ഥിതമായി വിളങ്ങിയ ഉത്തമ ജനനീജീവിതം ശ്രോതാക്കൾക്ക് അവിസ്മരണീയമായിത്തീൎന്നു. അങ്ങനെ കാലം കുറെക്കഴിഞ്ഞു. കവയിത്രി കുടുംബധുരന്ധരയായി മാറി. അതോടെ ഗംഭീരാശയസംക്ഷേപകമായ മറെറാരു ചിത്രം ഇതാ അവർ കേരളീയൎക്ക് സമൎപ്പിച്ചിരിക്കുന്നു. ഭാവുകന്മാർ അതിന് ത്രിവിധകരണങ്ങളാലും സ്വാഗതമരുളുമാറാകട്ടെ.

ദീപാരാധനം, സ്നാനം, ഈശപരനമസ്കാരം, ഭോജനാദിസജ്ജീകരണം, ബാലോപചാരണം, ക്ഷേത്രഗമനം, ഇത്യാദി നാനാകാൎയ്യങ്ങളിൽ ദിവസേന അവഹിതമനസ്കയായ ഒരു കുടുംബിനിയുടെ വിനീതജീവിതമാണ് അതിലെ പ്രതിപാദ്യം. ഇന്നത്തെ പരിഷ്കാരത്തിന്റെ പരിഷ്കൃതങ്ങൾക്കൊന്നും ആ ജീവിതത്തിൽ സ്ഥാനമില്ല. തന്റെ കാൎയ്യപരിപാടി നിരാഡംബരവും പരിമിതവുമാണെന്നറിഞ്ഞിട്ടും 'കുടുംബിനി' പഴയ ഭാരതീയവനിതകളെപ്പോലെ, തന്നിൎവ്വഹണത്തിൽ പരമാനന്ദം തേടിക്കൊണ്ടിരിക്കുന്നു. വക്കീലായി കേസ്സു വിസ്തരിച്ചിട്ടോ പോലിസായി റോഡിനു കാവൽനിന്നിട്ടോ 'അററകയ്യിനു' ധൎമ്മധാരണം 'ടെസ്റ്റ്ട്യൂബി'ലാക്കിയിട്ടോ വേണം ജീവിതം വിജയാശ്ലിഷ്ടമാക്കാനെന്ന് അവൎക്കഭിപ്രായമില്ല. കൎത്തവ്യമെന്തെങ്കിലുമാകട്ടെ; തദനുഷ്ഠാനത്തിൽ കൎത്താവിന്റെ മനോഭാവമെന്തോ, അതനുസരിച്ചിരിക്കും വിജയവും പരാജയവുമെന്നാണ് അവരുടെ മതം. ആ സ്ഥിതിക്ക് അവർ ദിനചൎയ്യകളോരോന്നിലും ശശ്വത്തായ ശാന്തിയെ ദൎശിക്കുന്നതിലെന്താണാശ്ചൎയ്യം?

ദ്വൈതഭാവം നിഹനിച്ച് എല്ലാററിനേയും ഒന്നിൽ—സ്വാത്മാവിൽ—സമാഹരിക്കുവാൻ കഴിഞ്ഞാൽ അതിൽപരമൊരാനന്ദോപായം ഇല്ല. പക്ഷേ അതനുവൎത്തിക്കണമെങ്കിൽ,

അദ്വൈതം സുഖദുഃഖയോരാനുഗതം-
സൎവ്വാസ്വവസ്ഥാസു യ-
ദ്വിശ്രാമോ ഹൃദയസ്യ യത്ര ജരസാ
യസ്മിന്നഹാൎയ്യോ രസഃ
കാലേനാവരണാത്യയാത് പരിണതേ
യൽസ്നേഹസാരേ സ്ഥിതം
ഭദ്രം തസ്യ സുമാനുഷസ്യ കഥമ-
പ്യേകം ഹി തൽപ്രാൎത്ഥ്യതേ.

എന്നുള്ള സുമഹിതസ്നേഹാദർശം ഒന്നാമതായി ജീവിതത്തിൽ പകർത്തണം. ഉപഹിതകുടുംബഭരരായ നമ്മുടെ ദമ്പതിമാരോട് ഇന്നും ഏതന്മഹാതത്വം ഉപദേശിക്കുവാൻ—അല്ല, സ്വാനുഭവംകൊണ്ടുദാഹരിച്ചു കാണിക്കുവാൻകൂടി—ശ്രീമതി ബാലാമണിയമ്മ ചെയ്യുന്ന യത്നം അത്യഭിനന്ദനീയമായിരിക്കുന്നു.

അനധികരണനിഷ്ഠങ്ങളായ കവിതകളിൽ കാണുന്ന, ഏതാദൃശതത്വനിർദ്ധാരണം, വേണ്ടതിലധികമായാൽ വൈരസ്യകാരണമാണെന്നുള്ള വാസ്തവം ഇവിടെ തുറന്നു പറഞ്ഞുകൊള്ളട്ടെ. എത്ര ഗഹനമായ കവിതയിലും 'ഫിലോസഫി'ക്കോ 'സയൻസി'നോ അല്ല, ഭാവനയ്ക്കു് തന്നെയാണു് പ്രാഥമ്യം. ഭാവനയാൽ മധുരിതമായാലേ തത്വജ്ഞാനം സഹൃദയാഹ്ലാദകമാവൂ. അതിനും ഇടക്കിടയ്ക്കു വിച്ഛേദം വേണം. നീണ്ട കവിതകളിൽ ഈ നിയമം വിശേഷിച്ചനുവർത്തനീയമാണ്. ഉദയംതൊട്ടസ്തമയംവരെ പെയ്യുന്ന മഴയ്ക്കും ഉണ്ടല്ലോ ആരോഹാവരോഹങ്ങൾ. മഹാകവി വേഡ്സ്വർത്തിന്റെ Tintern Abbey, Intimations of Immortality. മുതലായ കൃതികൾ നോക്കുക. അനങ്ങുന്നിടത്തൊക്കെ ദർശനകോടികൾ കോരിച്ചൊരിയുവാൻ അദ്ദേഹം ഒരുമ്പെടുന്നില്ല. ഇടയ്ക്കു് ഏററവും ഉചിതങ്ങളായ രണ്ടോ നാലോ വാക്കുകൾ മാത്രം. അവ പോരും കവിയുടെ തത്വബോധമശേഷം വിശദീകരിക്കുവാൻ. നിസ്സാരത്തെ സാരവത്താക്കുവാൻ(To make little things great) വേഡ്സ്വർത്തിനുള്ള പാടവം ഒന്നു വേറെയാണ്. അതില്ലെങ്കിൽ അദ്ദേഹത്തിനും

വെള്ളരിവാരിയിട്ടമ്പോഴുമെന്തിനെ–
ന്നില്ലാത്തഭിമാനം കൊള്ളുന്നു ഞാൻ.”

എന്നൊക്കെ പറയേണ്ടിവരുമായിരുന്നു.

“കണ്ണുനീർത്തുള്ളി'യുടെ കർത്താവു് 'ചക്രവാള'ത്തിലെത്തിയപ്പോൾ എങ്ങനേയോ, അങ്ങനെയായിട്ടുണ്ട്, 'അമ്മ' 'കുടുംബിനി'പദം കൈവരിച്ചപ്പോഴെന്നു തോന്നുന്നു. ഈ പരിണാമം അത്ര കാമ്യമല്ല.

കാവ്യത്തിൽ സങ്കല്പഭാസുരങ്ങളായ ഖണ്ഡികകൾ ധാരാളം ഉണ്ട്.

“എന്നിട്ടും കയ്യിൽപ്പൊന്നിൻതളികയിൽ
മിന്നിയൊട്ടു പുതുപനിനീർപ്പൂക്കളും;

ഉന്നതാദർശമൊന്നിലവത്തിട്ട
മന്നിടത്തിൻ മനോജ്ഞവികാരങ്ങൾ.
"ലാളനാർത്ഥിയായ് വന്നുപിടിപ്പുമ-
ച്ചേലാഞ്ചലത്തിന്മേൽ കൊച്ചുതെന്നൽ"
"ഇത്തിവെളിച്ചത്താൽത്തെല്ലിടയ്ക്കുദ്ദീപ്ത-
മത്യന്തദാവ്യം നിൻ കൊച്ചുമുഖം,
ഒന്നുമ്മവെയ്ക്കുവാൻ ധൈര്യപ്പെടുന്നീലി-
ന്നെന്നുള്ളിൽച്ചുളുന്ന ഭൌതികത്വം."

സ്ഥാലീപുലാകന്യായേന ഏതാനും മാത്രം ഉദ്ധരിച്ചുവെന്നേയുള്ളു; ക്ലിഷ്ടമോ വികടമോ അല്ലാത്ത സരസകോമളകല്പനകളാൽ വികാരാദികൾക്ക് ശരീരം നിർമ്മിക്കുവാൻ കവയിത്രി സമർത്ഥയാണെന്നു മിക്ക ഖണ്ഡികകളും വിളിച്ചുപറയുന്നുണ്ട്.

രചനയേയും ഭാഷയേയും പററി അഭിനന്ദനമേ രേഖപ്പെടുത്തുവാനുള്ളു.

ടിപ്പണം തനി വേദാന്തമായിപ്പോയി. 'കുടുംബി'നിയെ യോഗിനിയാക്കാൻ ടീകാകാരൻ കരാറേററിട്ടുണ്ടെങ്കിൽ ഇതും ഇതിലപ്പുറവുമാകാം.

—ജെ. മുണ്ടശ്ശേരി.

## ലോകത്തിന്നു് ഇൻഡ്യയുടെ സന്ദേശം.

—ശ്രീമതി സരോജിനീനായഡു.

ബ്യൂനോ ഏറീയിൽവെച്ചു സമ്മേളിക്കുന്ന 'ഇൻറർ നാഷനൽ പി. ഇ. എൻ. സമ്മേളനത്തിലേയ്ക്കു് ഇന്ത്യയുടെ പ്രതിനിധിയായി പോകുന്ന മാഡം സോഫിയവാഡിയയെ യാത്രയയയ്ക്കുന്നതിന്നായി ശ്രീമതി സരോജനി നായഡുവിൻെറ അദ്ധ്യക്ഷതയിൽ ബോംബയിൽവെച്ചു് ഒരു യോഗം ചേരുകയുണ്ടായി. അദ്ധ്യക്ഷാപ്രസംഗത്തിൽ മിസിസ് നായഡു ഇപ്രകാരം പറഞ്ഞു:

"കാഥികന്മാർ സംസ്കാരിക്കുന്ന സർവ്വകലാശാലകളും, ഗായകന്മാർ ജനങ്ങളുടെ മാർഗ്ഗദർശികളും, നാടോടിപ്പാട്ടുകൾ നാട്ടുകാരുടെ ഗുരുനാഥന്മാരും ആയിരുന്ന ഇൻഡ്യ, സമാധാനത്തിൽ-വാങ്മൂലമായ സമാധാനത്തിൽ-- ദൃഢമായി വിശ്വസിക്കുന്നു. ഭാരതീയസാഹിത്യത്തിൻെറ പരിധി അതിവിപുലമാണു്; ഔന്നത്യത്തിൽ അതു ഹിമാചലത്തേയും, അഗാധതയിൽ അതു് അത്തലാന്തിക്ക് സമുദ്രത്തേയും അതിശയിക്കുന്നു. അതു മനുഷ്യൻെറ എല്ലാ അഭിലാഷങ്ങളേയും ശക്തികളേയും സമരങ്ങളേയും ദുരിതങ്ങളേയും യാതനകളേയും വിജയങ്ങളേയും സർവ്വോപരി ത്യാഗങ്ങളേയും ആശ്ലേഷിക്കുകയും ചെയ്യുന്നു. ഇൻഡ്യൻ രാഷ്ട്രത്തിൻെറ അന്തർമ്മുഖമായ ചൈതന്യത്തെ ഉണർത്തുകയും ബഹിർമ്മുഖമാക്കുകയും ചെയ്യുക: അതാണു ഭാരതീയ സാഹിത്യത്തിൻെറ ആദർശം. അതിൽ ഭാരതീയ സാഹിത്യത്തിൽ, മനോഹരവും മഹത്തരവുമായ ഒരു വാക്യമുണ്ടു്— ദിക്കാലാദികളെ അതിവർത്തിച്ചു് അടുത്ത പ്രഭാതം പോലെ നൂതനവും, ആദ്യപ്രഭാതം പോലെ പുരാതനവും ആയ ഒരു വാക്യം. "ശാന്തി, ശാന്തി." ഇതാണു മനുഷ്യൻെറ പരിണാമത്തിൻെറ ലക്ഷ്യം. ലോകത്തിൽ സർവ്വത്ര രാജ്യതന്ത്രജ്ഞന്മാർ പരാജയപ്പെടുന്നതായി നാം കാണുന്നു; ശപഥം ചെയ്യുന്നതോടൊപ്പം അതിനെ അതിലംഘിക്കുന്നതും രാഷ്ട്രങ്ങളുടെ മഹത്തായ ശക്തികൾ അക്രമത്തെ നിരോധിക്കുന്നതിന്നു പകരം അതിന്നു പ്രതികാരം പ്രവർത്തിക്കുവാൻ ഒരുങ്ങിനില്ക്കുന്നതും നാം കാണുന്നു. വാക്കുകൾകൊണ്ടു് ഇടപെടുന്നവരാണു ലോകത്തിലെ യഥാ

ത്ഥനിയമനിർമ്മാതാക്കളെന്നു ഞാൻ വിശ്വസിക്കുന്നു. കാലത്തെ അതിവ
ർത്തിച്ച് ശാശ്വതമായി എന്തെങ്കിലും ജീവിക്കുന്നുണ്ടെങ്കിൽ അത് അനശ്വ
രമായ വാക്കാകുന്നു. നിയമനിർമ്മാതാക്കന്മാരും സൈന്യാധിപന്മാരും പു
രോഹിതന്മാരും പ്രായേണ വിസ്മൃതരായിത്തീരും. അവിടെ ഒരു ശിലാ
പ്രതിമ, ഇവിടെ ഒരു പഴയ നാണയം ഇവ മാത്രമേ അവരുടെ സ്മാരക
മായി അവശേഷിക്കുകയുള്ളു. മനുഷ്യവികാരത്തിന്റേയും മനുഷ്യവിചാര
ത്തിന്റേയും ബഹിഃസ്ഫുരണങ്ങളായ വാക്കുകൾ മാത്രമാണ്— ഗായ
കന്മാരുടേയും ദാർശനികന്മാരുടേയും വാക്കുകൾ മാത്രമാണ്— അമരത്വം
അനുഭവിക്കുന്നത്...

"കോമളമായ ഒരു കൊച്ചുപൂവ്," ഇന്ത്യയുടെ പ്രതിനി
ധിയെ നോക്കി 42 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ഇപ്രകാരം
പറയും. അതിന്നു ഇതായിരിക്കും മാഡം സോഫിയയുടെ സമാധാനം.
"അതെ. ജലാശയത്തിന്നു മീതെ പാറി വന്നിട്ടുള്ള ഇന്ത്യയിലെ താമര
പ്പൂവ്. ഋഷിവരനായ മഹാത്മാഗാന്ധിയുടേയും ദാർശനികനായ രവീന്ദ്ര
നാഥ ടാഗോറിന്റേയും സന്ദേശങ്ങൾകൊണ്ടാണ് ഞാൻ വരുന്നത്."

---

## തൂവലിൽക്കൂടെയുള്ള സ്വരാജ്യം.

—മാഡം സോഫിയവാഡിയ.

അഭിനന്ദനങ്ങൾക്കു മറുപടിയായി ചെയ്ത പ്രസംഗത്തിൽ മാ
ഡം സോഫിയവാഡിയ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"കേവലം രാജ്യഭക്തികൊണ്ടുമാത്രം കാര്യമില്ല. രാഷ്ട്രീയ പ്രവ
ർത്തനം കൊണ്ടുമാത്രം സ്വരാജ്യം ലഭിക്കുകയില്ലെന്നു് ഇന്ത്യയെ സ്നേഹി
ക്കുന്ന എല്ലാവരും മനസ്സിലാക്കേണ്ടിയിരിക്കുന്നു. തൂവലിന്റെ ചൈത
ന്യപ്രദവും, ഉത്തേജകവുമായ പ്രചോദനം കൂടി വേണം. ലോകരാഷ്ട്ര
ങ്ങൾക്കിടയിൽ ഇന്ത്യയ്ക്കു് അർഹമായ പദവി ലഭിക്കണമെങ്കിൽ, നമ്മു
ടെ സംസ്കാരം മഹത്തായ ലോകസംസ്കാരത്തിന്റെ ഒരു ഭാഗമാണെന്നു
മനസ്സിലാക്കുകയും ആത്മീയമാർഗ്ഗങ്ങളിൽക്കൂടെ മനുഷ്യസമുദായത്തെ
സേവിക്കുകയെന്ന ധർമ്മത്തെ ആചരിക്കുകയും വേണം. അതാണ് ഇന്ത്യ
യുടെ പ്രത്യേകത. അതുതന്നെയാണ് ഇന്ത്യയുടെ ഇതിഹാസം. മഹാത്മ
ജിയിൽ ത്യാഗമായി വികസിച്ചിരിക്കുന്നതും അതുതന്നെയാണ്. ആത്മീ
യ കാര്യങ്ങളിൽ ഇന്ത്യ അന്നും ഇന്നും ദരിദ്രയല്ല. ധനസംബന്ധമായി
ഇന്ത്യ എത്രത്തോളം ദരിദ്രയാണോ, സംസ്കാരകാര്യങ്ങളിൽ അത്ര

ത്തോളം സമ്പന്നയാണ്. മതത്തിലും തത്വജ്ഞാനത്തിലും മാത്രമല്ലാ, സാഹിത്യത്തിലും ഇന്ത്യ ലോകരാഷ്ട്രങ്ങളുടെ മുന്നണിയിൽത്തന്നെയാണ്. ഇന്ത്യ നിദ്രയിൽനിന്നു നല്ലപോലെ ഉണരുമ്പോൾ—ഇന്ത്യ അതിവേഗം ഉണൎന്നുവരികയാണ്— അന്നത്തെ സ്ഥിതിയെന്തായിരിക്കും. പുരാതനമായ ഈ രാജ്യം, യൂറോപ്പെന്നപോലെ, സംസ്കാരത്തിൽ ഏകരൂപമെങ്കിലും ഭാഷയിലും രൂപത്തിലും വിവിധമായ അനേകം സാഹിത്യങ്ങളുടെ മാതാവായിത്തീരും. സംസ്കൃതഭാഷയുടെ പുനരുജ്ജീവനത്തോടുകൂടി ഇന്ത്യയിലെങ്ങും ഒരു 'പൗരാണിക പുനരുജ്ജീവനമുണ്ടാകും. അതു ദക്ഷിണാപഥത്തിൽ മലയാളത്തേയും കൎണ്ണാടകത്തേയും, ഉത്തരദേശത്തു ബംഗാളിയേയും പഞ്ചാബിയേയും പോഷിപ്പിക്കും ഹിന്ദി- ഹിന്ദുസ്ഥാനിയുടെ കാൎയ്യം പിന്നീട് പറയേണ്ടതില്ലല്ലോ. ഇന്ത്യയിൽ ഇത്രയധികം ഭാഷകളുള്ളതുകൊണ്ടു സംസാരിക്കുവാൻ വിഷമം നേരിടുന്നുണ്ടെന്നു പലരും ആക്ഷേപിക്കുന്നു. ഏകീകൃതമായി, ജാഗ്രദവസ്ഥയിലെത്തുന്ന ഇന്ത്യ സൃഷ്ടിസമൎത്ഥയാകുമ്പോൾ, ഒരു സാമാന്യഭാഷ പ്രാദേശിക സന്ദേശങ്ങളെ രാജ്യത്തിന്റെ നാനാഭാഗത്തും എത്തിക്കുമ്പോൾ, എന്തൊരു സ്നേഹബന്ധത്തെയായിരിക്കും സാഹിത്യം നിൎമ്മിക്കുക? അന്ന് ഇന്ത്യ ഒന്നായിരിക്കും. ഇന്ത്യയുടെ സന്ദേശം പലഭാഷകളിൽ സംസാരിക്കപ്പെടുകയും ചെയ്യും. ഒരു സാമാന്യഭാഷയുണ്ടായാൽ പിന്നെ സംസ്ഥാനങ്ങൾക്കു തമ്മിൽ ആശയവിനിമയത്തിന്നു വിഷമമില്ലല്ലോ. പ്രാദേശികബോധത്തെ ഉന്മൂലനം ചെയ്യുന്നതിന്നു സാഹിത്യത്തെപ്പോലെ മറ്റൊന്നിന്നും അത്ര ശക്തിയില്ല. ഒരു തെലുങ്കൻ ഒരു ഗുജറാത്തി കാവ്യത്തെ വെറുക്കുമോ? മഹാരാഷ്ട്രത്തിലെ ഉപന്യാസകാരൻ സിൻഡിലെ സഹോദരന്റെ നേരെ അസൂയപ്പെടുമോ? ഷെൿസ്പിയരുടേയും കീററ്സിന്റേയും ഗാനം ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരുടെ കക്ഷിമത്സരത്തെ നശിപ്പിക്കുന്നതുപോലെ, വിവിധ ഭാഷകളിൽ വിരചിക്കപ്പെടുന്ന ഇന്ത്യൻസാഹിത്യം നമ്മുടെ പ്രാദേശികമത്സരത്തേയും വൎഗ്ഗീയാസഹിഷ്ണുതയേയും മാൎജ്ജനം ചെയ്യാതിരിക്കയില്ല."

---

## പരിഭാഷ—ഒരു കല.

—വി. ആർ.

സമുദായം പ്രായേണ കൃതഘ്നമാണെന്ന് സാധാരണമായി പറഞ്ഞുവരാറുണ്ട്. അതിൽ വാസ്തവം ഇല്ലാതില്ല. സമുദായത്തെ യഥാശക്തി സേ

വിക്കുന്ന പലക്കും അവരർഹിക്കുന്ന പദവി ലഭിക്കുന്നില്ലെന്നു തീർച്ചതന്നെ. അത്യാവശ്യമായ ജോലികൾ ചെയ്യുന്ന പലക്കും അതുകൊണ്ടു് പ്രതിഫലമോ പ്രശസ്തിയോ ഉണ്ടാകുന്നില്ല. പരിഭാഷ അങ്ങനെയുള്ള അനേകം തൊഴിലുകളിൽ ഒന്നാകുന്നു. അതിൻെറ പ്രാധാന്യം നാം നല്ലപോലെ അറിഞ്ഞിട്ടുണ്ടോ എന്നുതന്നെ സംശയമാണു്. ഭാഷാന്തരം നിമിത്തം പരസ്പരം മനസ്സിലാക്കുവാൻ സാധിക്കാത്തതുകൊണ്ടു് നമ്മുടെ സംസ്കാരപരമായ പരസ്പരാശ്രയത്വത്തെക്കുറിച്ചു് നമുക്കു മങ്ങിയ ഒരു ബോധംമാത്രമേയുള്ളു. കലകളിൽവെച്ചു് ഏററവും പ്രചാരംകുറഞ്ഞതു സാഹിത്യമാണു്. ഭാഷപരിചിതമായ ഒരു ന്യൂനപക്ഷത്തിന്നു മാത്രമേ അതിനെ ആസ്വദിക്കുവാൻ സാധിക്കുകയുള്ളു. ഇതരകലകളെല്ലാം പ്രായേണ എല്ലാവക്കും ആസ്വദിക്കാവുന്നവയാണു്. മനുഷ്യൻെറ വ്യാകാരത്തിന്നും വിചാരത്തിന്നും രാഷ്ട്രീയമായ സീമകളില്ല. യഥാർത്ഥമായ ചിത്രം, ശില്പം, സംഗീതം ഇവയെല്ലാം ലണ്ടനിലായാലും പീപ്പിങ്ങിലായാലും, മദ്രാസിലായാലും വിയന്നയിലായാലും മഹത്തരമായിരിക്കും; ആസ്വാദ്യവുമായിരിക്കും. കലാസംബന്ധമായ 'ഭ്രമ'ങ്ങളും 'പരിഷ്കാര'ങ്ങളും മാഞ്ഞുപോകും. അവ കേവലം ബാഹ്യമാണു്; എന്നാൽ അജന്തയിലെ മഹനീയമായ കലാമാതൃകകൾ എന്നും നിലനില്ക്കും. ഗായകൻെറ ദേഹത്തിൽ ജൂതരക്തം കലന്നിട്ടുണ്ടെന്ന സംശയത്തിന്മേൽ നാസിജമ്മനി 'മെൻഡൽസോണി'ൻെറ ഗാനങ്ങളെ രാജ്യത്തിൽനിന്നു ബഹിഷ്കരിച്ചു. അതുകൊണ്ടു് അദ്ദേഹത്തിൻെറ സംഗീതങ്ങളുടെ മാഹാത്മ്യത്തിന്നു് യാതൊരു ന്യൂനതയും സംഭവിച്ചില്ല.

സംഗീതചിഹ്നങ്ങളെ നാദരൂപത്തിലാക്കുവാൻ ശക്തിയുള്ള ഗായകനില്ലാത്ത ഗാനത്തെപ്പോലെ, അപരിചിതമായ ഒരന്യഭാഷയിൽകിടക്കുന്ന സംഗീതം മൂകമാണു്. വീണാലാപം ശ്രവണസുഭഗവും വികാരജനകവുമാകണമെങ്കിൽ ഗായകനും ഗാനകത്താവും ഒരുപോലെ സമത്ഥരായിരിക്കണമല്ലോ. അതുപോലെതന്നെ അന്യഭാഷയിലുള്ള ഒരു സാഹിത്യഗ്രന്ഥം നമുക്കു്, മൂലത്തെപ്പോലെ ആസ്വാദ്യമായിത്തോന്നണമെങ്കിൽ പരിഭാഷകൻ വശ്യവചസ്സായ ഒരു കലാകാരനായിരിക്കണം. സാഹിത്യത്തിൻെറ ഒരു പ്രധാനഘടകമായ ആശയം പരിഭാഷകൻെറ മുമ്പിൽ സജ്ജമായിരിക്കുന്നുണ്ടെങ്കിൽത്തന്നെ ഒരിക്കൽ ഒരു ഭാഷയിൽ സ്വാഭാവികമായ രൂപം കൊടുത്തുകഴിഞ്ഞിട്ടുള്ള അതിനെ മറെറാരു ഭാഷയിൽ അതേ സ്വാഭാവികതയോടും തന്മയത്വത്തോ

ട്ടുംകൂടി പ്രകാശിപ്പിക്കുക വശ്യവാക്കായ ഒരാൾക്കുപോലും അത്ര എളുപ്പമല്ല. മൂലകാവ്യത്തെ മറെറാരുകലയിൽ, വൎണ്ണങ്ങളിലോ സ്വരങ്ങളിലോ ശിലയിലോ ആവിഷ്കരിക്കുന്നതുപോലെ ശ്രമാവഹമായ ഒരു കൃത്യമാണ് അത്. തന്മൂലം നിപുണനായ ഒരു പരിഭാഷകൻ അനുഗൃഹീതനായ മൂലഗ്രന്ഥകാരനെപ്പോലെതന്നെ സമുദായത്തിന്റെ ബഹുമതിയും കൃതജ്ഞതയും അൎഹിക്കുന്നു.

സമൎത്ഥനായ ഒരു പരിഭാഷകനുണ്ടായാൽപിന്നെ സാഹിത്യത്തിന്ന് മൂലഭാഷയെ മാത്രം ആശ്രയിച്ചു ജീവിക്കേണ്ടതില്ല. ഭാഷാന്തരീകരണം പരിഭാഷകന്റേതെന്നപോലെ മൂലഗ്രന്ഥകാരന്റേയും മാററുരച്ചുനോക്കുന്ന ഉരകല്ലാകുന്നു. പരിഭാഷകൻ എത്രതന്നെ വശ്യവചസ്സായാലും, സാൎവ്വജനീനവും സാൎവ്വകാലികവുമായ ഒരു സാഹിത്യവസ്തുവിനുമാത്രമേ ഭാഷാന്തരത്തിലും മൂലത്തെപോലെ ശോഭിക്കുവാൻ സാധിക്കുകയുള്ളൂ. അഹമ്മദബാദിൽവെച്ച് ഗാന്ധിജി ഒരിക്കൽ പ്രസ്താവിച്ചതുപോലെ, ഇന്ത്യൻ ഭാഷകളിലുള്ള എല്ലാ ഗ്രന്ഥങ്ങളേയും ഒരു പൊതുഭാഷയിലേക്കു തൎജ്ജമചെയ്യുക സാദ്ധ്യമോ, സാദ്ധ്യമെങ്കിൽത്തന്നെ അഭിലഷണീയമോ അല്ല. ഇംഗ്ലീഷിലേക്ക് പരിഭാഷചെയ്ത് ഇന്ത്യയുടെ സാഹിത്യോപഹാരമായി ലോകത്തിന്നു സമൎപ്പിക്കുന്ന ഗ്രന്ഥങ്ങൾ മാതൃഭൂമിയുടെ മഹനീയമായ പാരമ്പര്യത്തിന്നു തികച്ചും അൎഹമായിരിക്കണം.

---

## കലയുടെ ആധ്യാത്മികത.

— വിദ്വാൻ സി. എസ്സ്. നായർ.

“മാതൃഭൂമി വിശേഷാൽപ്രതി”യിൽ പ്രസിദ്ധംചെയ്ത വിജ്ഞേയമായ ഒരു ലേഖനത്തിൽ ശ്രീമാൻ സി. എസ്സ്. നായർ ഇപ്രകാരം എഴുതിയിരിക്കുന്നു:

“...കലയുടെ ആധ്യാത്മികമായ അടിസ്ഥാനമാണ് അതിന്നു മനസ്സിനെ സംസ്കരിക്കുന്നതിന്നുള്ള ശക്തി ഉണ്ടാക്കുന്നത്. കലാകൎത്താവിന്റെ വ്യക്തിധൎമ്മത്തിന്നു കലയിൽ വ്യക്തമായ പ്രാധാന്യമുണ്ടെന്നു സൎവ്വരും സമ്മതിക്കുന്നതാണ്. കലാകൎത്താവിന്റെ വ്യക്തിധൎമ്മം എന്നത് അയാളുടെ ലൌകികജീവിതത്തെ എന്നപോലെ ആദ്ധ്യാത്മികജീവിതത്തേയും ആശ്രയിച്ചാണ് ഇരിക്കുന്നത്. അതിനാൽ കലയുടെ മുഖത്ത് കലാകൎത്താവിന്റെ ആദ്ധ്യാത്മികജീവിതം വ്യക്തമായോ അവ്യക്തമായോ പ്രതിഫലിച്ചു കാണാതേയിരിക്കുന്നതല്ല. ആധ്യാ

ത്മികജീവിതത്തെ ലൗകികജീവിതത്തിന്റെ കാലടിക്കു കീഴിലിട്ടു ചവിട്ടിഞെരുക്കുവാൻ വിടുവാനാണ് കലാകാരനെങ്കിൽ അയാളുടെ കലാസൃഷ്ടിക്ക് ആധ്യാത്മികമായ സൗന്ദര്യവും ധാർമ്മികമായ പ്രേരണാശക്തിയും നന്ന കുറഞ്ഞിരിക്കും.

സന്മാർഗ്ഗത്തിന്റെ അന്തരീക്ഷത്തിലാണ് കല ജനിക്കുന്നതെങ്കിലും ഒരിക്കലും അതു വാച്യമായി സന്മാർഗ്ഗം പ്രസംഗിക്കുന്നതല്ല. സന്മാർഗ്ഗികതത്വങ്ങൾ പ്രസംഗിക്കുവാൻ പുറപ്പെട്ടാൽ സൗന്ദര്യതത്വങ്ങൾ ബലികഴിക്കേണ്ടിവരും. ലോകത്തിന്റെ നന്മയ്ക്കും തിന്മയ്ക്കും രണ്ടിനും കല സ്ഥാനം അനുവദിച്ചിട്ടുണ്ടെങ്കിലും ഉൽകൃഷ്ടങ്ങളായ കലാസൃഷ്ടികളിലെല്ലാം നന്മയിൽ പ്രസക്തിയും തിന്മയിൽ വിരക്തിയും ജനിപ്പിക്കുന്ന എന്തോ ഒന്നുള്ളതായി നമുക്കു അനുഭവപ്പെടാറുണ്ട്. സാഹിത്യലോകത്തിൽ രാവണന്മാരേക്കാൾ രാമന്മാരും, കൗരവന്മാരേക്കാൾ പാണ്ഡവന്മാരും, ക്ലൗൺസിനെക്കാൾ ഹാംലററ്സും ആണ് പ്രാധാന്യം വഹിച്ചുകൊണ്ടു നമ്മുടെ ഭാവനാമണ്ഡലത്തിൽ സഞ്ചരിക്കുന്നതു്.

കലയുടെ ധാർമ്മികമായ പ്രേരണാശക്തി എന്നു പറയുന്നതു് ഇതിനെയാണ്. ധർമ്മത്തിന്റെ ഭാഗത്തുനിന്നു് അധർമ്മത്തോടെതിർക്കുവാൻ സന്നദ്ധമായ പ്രവൃത്തിശക്തിയായി പരിണമിച്ചാൽ മാത്രമേ കലയുടെ ധാർമ്മികമായ ആ പ്രേരണാശക്തിക്കു് പൂർണ്ണമായ സാഫല്യം വരികയുള്ളൂ. അനുഭവേച്ഛ (കാമം) കൂടാതെ സൗന്ദര്യം ആസ്വദിക്കുവാനും, സ്വാർത്ഥചിന്തകൂടാതെ സൽപ്രവൃത്തികൾ ചെയ്യുവാനും ഉള്ള നിശ്ശബ്ദമായ ഒരു പ്രേരണ കലയിൽനിന്നു പുറപ്പെടണം. അങ്ങിനെയുള്ള കലയാണ് യഥാർത്ഥകല; അങ്ങനെയുള്ള കലാസൃഷ്ടിയാണ് ദേശകാലങ്ങളുടെ സീമകളെ ലംഘിച്ചു ശാശ്വതമായ വിജയക്കൊടി നാട്ടുന്നതു്."